13
2024
ഏപ്രിൽ
ശനി
മീനം 31

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.173 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-173 പേജ് 4. വില 2.00 രൂപ

02 മഹാരാഷ്ട്രയിൽ ഇന്ത്യ സഖ്യം നേട്ടമുണ്ടാക്കുമെന്ന് സർവേ
03 പ്രവാസികളുടെ വിഷുക്കണി; കേരളത്തിൽ നിന്ന് 1500 ടൺ പച്ചക്കറി ഗൾഫിലേക്ക്
04 ഇറാനിലേക്കും ഇസ്രയേലിലേക്കും പോകരുത്; മുന്നറിയിപ്പുമായി ഇന്ത്യ

# തലസ്ഥാനത്ത് 'ആമയും മുയലും' ഓട്ടമൽസരം

**യേശുദാസ് വില്യം**









തിരുവനന്തപുരം: രാജ്യം ഉറ്റുനോക്കുന്ന മൽസരമാണ് കേരളതലസ്ഥാനമായ തിരുവനന്തപുരത്ത് മുന്നേറിക്കൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടുഭാഷയൽ പറഞ്ഞാൽ ആമയും,മുയലും തമ്മിലുള്ള പ്രസിദ്ധമായ ഓട്ടമൽസരം.വിശ്വപൗരനും,ഡിപ്ലോമാറ്റിക്കും,എഴുത്തുകാരനും എല്ലാറ്റിനുമുപരി ഏവരെയും ആകർഷിക്കുന്ന സൗകുമാര്യവുമുള്ള ശശിതരൂർ മൽസരത്തിൽ ഒരുഭാഗത്തു വന്നതാണ് കാരണം.എന്നാൽ കേന്ദ്രമന്ത്രിയും,ടെക്നോക്രാറ്റും,വ്യവസായിയുമായ രാജീവ്ചന്ദ്രശേഖർ തെരഞ്ഞെടുപ്പ് മൽസരത്തിൽ മറ്റൊരു ട്രാക്കിൽ നിലയുറപ്പിച്ചപ്പോൾ പതുക്കെ കഥമാറുകയായിരുന്നു.ആകാരസൗഷ്ടവത്തിലും,വാക്കുകളുടെ കൂർമ്മബുദ്ധിയിലും,നിയന്ത്രണത്തിലും രാജീവ് എതിർ മൽസരക്കാരോട് തന്റെ സാമീപ്യം വിളിച്ചറിയിച്ചു. മൽസരത്തിൽ തിരുവനന്തപുരത്തെ വോട്ടർമാരുടെ താരതമ്യ പഠനത്തിനു വിധേയരാവുന്ന കാഴ്ചയായിരുന്നു ഹീറ്റ്സിൽ തെളിഞ്ഞു കണ്ടത്. ആമയും മുയലിന്റെയും ഓട്ടമൽസരം തുടങ്ങിയപ്പോൾ ശശിതരൂർ ലളിതവും സുഗമവുമായി അനന്തപുരിയിലെ വളവും തിരിവുകളുമൊക്കെ നിഷ്പ്രയാസം ഒടിക്കയറി.ഓട്ടത്തിൽ പിന്നിലായിരുന്ന ആമയെപ്പോലെ രാജീവ് ചന്ദ്രശേഖർ പതുക്കെ പതുക്കെ കുന്നുകളും,വഴികളുമൊക്കെ താണ്ടിക്കയറി.നിന്നില്ലെങ്കിലും വന്നവരോടും അടുത്തു കണ്ടവരോടും ആശയവിനിമയം നടത്തി.ഓടിക്കയറുന്ന ട്രാക്കിന്റെ വശങ്ങളിലേക്കു കണ്ണെറിഞ്ഞു.അവരുടെ ആവിശ്യങ്ങൾ കേട്ടു കേട്ടു മുന്നേറി.മുയൽ തിരിഞ്ഞു നോക്കുമ്പോൾ ആമയുടെ പൊടിപോലുമില്ല.ആശ്വാസമായി.

മണ്ഡലത്തിലെ സംഗമങ്ങളിൽ അവരൊന്നിച്ചുവന്നു.വലിയലോകം കണ്ടവരുടെ സംഗമങ്ങളിൽ അവരെ ഒന്നിച്ചു കണ്ടപ്പോൾ അനന്തപുരിയിലെ വോട്ടർമാർ അവരെ കൗതുകത്തോടെ നോക്കി.അവരുടെ മാനറിസങ്ങളും അഭിരുചികളും കേൾക്കുകയും കാണുകയും ചെയ്തു.അതൊക്കെ വിലയിരുത്തലുകളാവും.സംവാദങ്ങളിൽ അവർ പുഞ്ചിരിയോടെ വാദമുഖങ്ങൾ നിരത്തി.പരസ്പരം കടിച്ചുകീറുന്ന ശൈലിയില്ല.പുഞ്ചിരിയുടെയും ലാളിത്യത്തിന്റെയും മുഖഭാഷയിൽ തരൂർ സംവദിച്ചപ്പോൾ അതിനൊക്കെ കൃത്യതയോടെയും പുഞ്ചിരിക്കാതെയും ഇമവെട്ടാതെയും രാജീവ് എണ്ണിയെണ്ണി തന്റെ ഭാഗം പറഞ്ഞു.പലയിടത്തും വികസനത്തിന്റെ കാഴ്ചപ്പാടുകൾ മുന്നിൽ വന്നു.ഇവർക്കു നേരെ ചോദ്യങ്ങൾ വന്നു. കേന്ദ്രത്തിൽ മന്ത്രിയായ താങ്കൾ ഞങ്ങൾക്കെന്തു ചെയ്തു.ചോദ്യത്തിനു നേരെ രാജീവ് ചന്ദ്രശേഖർ കൂസാതെ മറുപടി നൽകി.പദ്ധതികൾ എണ്ണിപ്പറഞ്ഞു.തിരിച്ചും ചോദ്യങ്ങൾ വന്നു.ശശിതരൂർ നടപ്പിലാക്കിയ വസ്തുതകൾ അനന്തപുരിക്കു മുമ്പിൽ അദ്ദേഹം സമർപ്പിച്ചു. ഏ.കെ.ആന്റണിയും,,കെ.വി.തോമസിനും കേന്ദം ഭരിച്ചപ്പോൾ നടപ്പിലാക്കുവാൻ കഴിയാത്ത ഫിഷറീസ്മന്ത്രാലയം ഞങ്ങൾ നടപ്പിലാക്കി.ഇനിയും ഞങ്ങൾ പറയുന്നതു ചെയ്യുമെന്നും പുഞ്ചിരിക്കാതെ ഉറപ്പു നൽകി.സംവാദങ്ങളിൽ തരൂരിനെ പിടിക്കാൻ പാടു തന്നെ..ഓട്ടത്തിൽ പിൻതിരിഞ്ഞു നോക്കുമ്പോൾ ആമ മുയലിന്റെ വലതുവശത്തുണ്ട്..

വോട്ടിനു കോഴയെന്ന പരാമർശത്തിൽ രാജീവ്ചന്ദ്രശേഖർ തന്റെ പ്രവർത്തന ശൈലിയുടെ തനിസ്വരൂപം പുറത്തെടുത്തപ്പോൾ വെറുംവാക്കായിട്ടൊന്നും രാജീവ് പറയില്ലെന്നും മനസ്സിലായി.മനസ്സിലായോ എന്നറിയാൻ വിവാദം അതിന്റെ വഴിയിൽ സഞ്ചരിച്ചു.ഓട്ടത്തിന്റെ ഹീറ്റ്സും കഴിഞ്ഞു സെമിഫൈനലിലെത്തിയപ്പോൾ ഭാരമേറിയ ശരീരവും പേറി ഒടിയ ആമ ദേ തൊട്ടു പിറകിൽ.മണ്ഡലത്തിന്റെ കിഴക്കുഭാഗത്തു കുന്നും മലകളും നിറഞ്ഞ ഭൂമികയിൽനിന്നും സമതലത്തിൽ ഓട്ടമെത്തി. അവിടെയുള്ളവർ ഓട്ടക്കാരെ അടുത്തുകണ്ടു.വിയർപ്പൊഴുക്കുന്നവരും അത്താഴപട്ടിണിക്കാരും നോക്കിനിന്ന ഓട്ടം പൂഴിമണ്ണു നിറഞ്ഞ തെക്കുപടിഞ്ഞാറൻ മേഖലയിലേക്കു കയറി.കാറ്റും കടലും വിറളിപിടിച്ചുനിൽക്കുന്ന തീരത്തിന്റെ പൂഴി നിറഞ്ഞ ഭൂമികയിലുടെ പൂണ്ടുപോകാതെ രഥചക്രം ഉരുളുകയാണ്. ഫൈനൽ റൗണ്ടിലേക്കു കുതിക്കുമ്പോൾ ആമയും മുയലും ഒപ്പത്തിനൊപ്പം.

**വേലിയേറ്റം:** മുന്തിയ നിലവാരവും ഭക്ഷണക്രമവും പ്രവർത്തനശൈലിയും അനന്തപുരിയിലെ എൻഡിഏ,യുഡിഎഫ് സ്ഥാനാർത്ഥികൾ പരിപാലിച്ചു മുന്നേറുമ്പോൾ സാധാരണക്കാരിലൊരാളായ എൽഡിഎഫിലെ പന്ന്യൻ രവീന്ദ്രൻ തട്ടുകടയില ഭക്ഷണവും,പരിപ്പുവടയും ചായയും കുടിച്ചുകൊണ്ടും ആട്ടോറിക്ഷാ തൊഴിലാളികളുടെ ഉൾപ്പടെ സഹായവും സ്വീകരിച്ചു നിശബ്ദമായി പ്രവ്ത്തിക്കുന്നുണ്ട്.പ്രവചനാതീതമായ ഈ ഓട്ടക്കാരൻ ആമയും മുയലിന്റെ കഥയുമായി ചേർത്തു വായിക്കരുത്. എന്തും സംഭവിക്കാം.

# നോർമൽസി എന്ന നാട്യം



**ഡോ. മിനി ബാബു**

'നമുക്കുള്ള ശിക്ഷ ആര് ഏൽക്കും? ' എന്ന മനോരമ പത്രത്തിൽ പ്രസ്സിദ്ധീകരിച്ചു ലേഖനത്തിൽ രാം മോഹൻ പലിയാത്ത് എഴുതിയിരിക്കുന്നത് കിഷോർ കുമാറിനെ കുറിച്ചാണ്. താമസ സ്ഥലത്ത് മരിച്ചു നിലയിൽ കാണപ്പെട്ട കിഷോർ കുമാർ എന്ന Queer Activist & Writer നെ കുറിച്ചാണ്. എനിക്ക് കിഷോർ കുമാറിനെ പരിചയമില്ല. പുള്ളിയുടെ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടില്ല. പക്ഷേ എന്തുകൊണ്ടോ ഈ നേരം വരെ അത് മനസ്സിൽ നിന്ന് അങ്ങനെ വിട്ട് പോകുന്നില്ല.

പുള്ളി അതിൽ കുറച്ചു ചോദ്യങ്ങൾ നമ്മളോട് ചോദിക്കുന്നുണ്ട്. സന്തോഷം തരുന്ന ഒരു ചോദ്യമാണ് ആദ്യം ചോദിക്കുന്നത്.

'നിങ്ങള് ആരെയെങ്കിലും ആത്മഹത്യയിൽ നിന്ന് പിന്തിരിപ്പിച്ചിട്ടുണ്ടോ.?'

പിന്തിരിയിപ്പിച്ചിട്ടുണ്ടാവാം. നിങ്ങൾ അറിയാതെ തന്നെ. നിങ്ങളുടെ എഴുത്തോ വാക്കുകളോ പ്രവർത്തിയോ മനോഭാവമോ കൊണ്ട്.

രണ്ടാമത്തെ ചോദ്യം : 'നിങ്ങൾ ആരെങ്കിലും ആത്മഹത്യയ്ക്ക് പ്രേരിപ്പിച്ചിട്ടുണ്ടോ.'

അങ്ങനെയും ഉണ്ടാവാം. ഒരു സമൂഹമെന്ന നിലയിൽ നമ്മൾ ഈ ചോദ്യത്തിന് ഉത്തരം മനസ്സാക്ഷിയോട് ചോദിക്കേണ്ടതാണ്.

കിഷോർ കുമാർ മിടുക്കൻ ആയിരുന്നു. കാൺപൂർ IIT ൽ കമ്പ്യൂട്ടർ എൻജിനീയറിങ് കഴിഞ്ഞ് പത്തുവർഷത്തോളം USൽ ആയിരുന്നു. അവിടെ സ്വന്തമായി വീട് ഉണ്ടായിരുന്നു. അതൊക്കെ വിറ്റിട്ടാണ് Queer ആക്ടിവിസ്റ്റ് എന്ന നിലയിലാണ് തനിക്ക് കുറച്ചധികം കാര്യങ്ങൾ കേരളത്തിനുവേണ്ടി ചെയ്യേണ്ടതായിട്ടുണ്ട് എന്ന് മനസ്സിലാക്കിയിട്ട് ഇവിടെയൊക്കെ തിരിച്ചു വന്നത്.

ഈ ലോകത്തിൽ ജനിച്ചു വീഴുന്ന ആർക്കും,കിളിച്ചുവരുന്ന ഒരു പുൽനാമ്പിന് പോലും മരണം വരെ ഇവിടെ ജീവിക്കാൻ അവകാശമുണ്ട്. ആ ഒരു സ്പേസ് ഇവിടെ അവർക്ക് വേണ്ടി ഒരുക്കിയിട്ടുള്ളതു കൊണ്ടാണല്ലോ അവരിവിടെ ജനിക്കുന്നത്. ജനിക്കുന്ന എല്ലാവരെയും തന്നെ ഉൾക്കൊള്ളാനുള്ള മനസ്സും സ്പേസും ഭൂമിക്ക് ഉണ്ട്. ഭൂമിയിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന മനുഷ്യൻ ഹൃദയം ഇത്തിരി കൂടെ വിശാലമാക്കണമെന്നേയുള്ളൂ.

കിഷോർ കുമാറിനോ അതുപോലെയുള്ളവർകോ വേണ്ടി ഞാൻ സംസാരിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ, മനസ്സുകൊണ്ട് ഉണ്ട്, എഴുതിയിട്ടുമുണ്ട്. Sexual Orientation നമ്മുടെ തിരഞ്ഞെടുപ്പ് അല്ല. ശരീരത്തെ പിടിച്ചുനിർത്തുന്ന പോലെയല്ല മനസ്സ് അതിനെ പിടിച്ചുനിർത്താൻ പാടാണ്, മരുന്നു കൊണ്ടായാലും മന്ത്രം കൊണ്ടായാലും. നമ്മളൊക്കെ നോർമൽ എന്ന് കരുതുന്ന ഒരു സമൂഹമാണ്. ഒട്ടും നോർമൽ അല്ല താനും.

എന്താണ് normalcy ? എന്താണ് ഈ ശരിയായുള്ള വഴി ?

എന്താണ് നേരെയുള്ള പാത?

എന്നാൽ ഞങ്ങൾ ഇങ്ങനെ ഒന്നുമല്ല ഞങ്ങൾ ഇത്തിരി മാറി നടക്കട്ടെ എന്ന് പറയാൻ ധൈര്യം കാണിക്കുന്നവരെ എന്നും സമൂഹം മാറ്റി നിർത്തിയിട്ടേയുള്ളൂ. ഒരു തെറ്റും ചെയ്തില്ലെങ്കിൽ പോലും. സമൂഹം നേരെ എന്ന് പറയുന്നവരെ അത്ര നേരെയല്ല എന്ന് സമൂഹം കരുതുന്നവരെ ഉൾക്കൊണ്ട് കഴിഞ്ഞാൽ അത് ശരിയാവില്ല മറ്റുള്ളവർ എന്ത് വിചാരിക്കും എന്ന് കരുതി നമ്മൾ അവരെ മാറ്റിനിർത്തും. അത് സെക്ഷ്വൽ ഓറിയന്റഷന്റെ കാര്യമല്ല മനസ്സുകൊണ്ടും ശരീരംകൊണ്ടും നോർമൽസിക്ക് അപ്പുറവും ഇപ്പുറവും പോകുന്നവരെ.

ഞങ്ങളൊന്നും പറഞ്ഞില്ലല്ലോ എന്ന് പറയുന്നതാണ് ഏറ്റവും വലിയ തെറ്റ്. ആർക്കൊക്കെയോ വേണ്ടി എന്തൊക്കെയോ നമുക്ക് പറയാൻ പറ്റുന്ന അവസരങ്ങളില് നിശബ്ദരായി നിന്നുകൊണ്ട് പിന്തിരിഞ്ഞു നടന്നു പോകുമ്പോൾ നമ്മൾ ഏറ്റവും വലിയ തെറ്റാണ് ചെയ്യുന്നത്. സ്വന്തം കാര്യം നോക്കി സ്വയം ഉണ്ടാക്കിയ കുമ്മിളയ്ക്കുള്ളിൽ ജീവിച്ചു കഴിഞ്ഞാൽ പ്രശ്നങ്ങൾ ഒന്നും ഇല്ല എന്ന് നമ്മൾ കരുതരുത്. ജീവിതം എല്ലാവർക്കും ഒരുപോലെയാണ് ഇന്നല്ലെങ്കിൽ നാളെ ആരൊക്കെയോ നമ്മൾക്ക് വേണ്ടി ശബ്ദിക്കാതിരിക്കും നിശബ്ദരായി നടന്നു നീങ്ങും.



നോർമൽസി എന്ന് നമ്മൾ പറയുന്നതും നമ്മുടെ ചുറ്റും കാണുന്നത് വെറും നാട്യമാണ്. ഒരോ ജീവിതങ്ങളിലേക്ക് കടന്നു ചെല്ലുമ്പോൾ മാത്രമേ അത് എന്തു വിചിത്രവും എന്ത് അബ്നോർമ്മിലാണെന്ന് നമ്മൾക്ക് മനസ്സിലാക്കാൻ പറ്റൂ. റാം മോഹൻ പാലിയത്ത് പറയുന്ന പോലെ ഇനിയും കിഷോർ കുമാർ ഉണ്ടാകും എങ്കിലും സമൂഹമെന്ന നിലയിൽ നമ്മൾ വിചാരിച്ചാൽ അവരുടെ എണ്ണം കുറയ്ക്കാൻ പറ്റും.??

*(മലയാള മനോരമയിൽ രാംമോഹൻ പാലിയത്ത് എഴുതിയ ലേഖനത്തിൽ നിന്നുമുള്ള പ്രചോദനമണ് ഈ കുറിപ്പിനാധാരം.*

*, ലേഖിക ഡോ.മിനി ബാബു ചവറ ഗവ. കോളേജിൽ ഇല്ലീഷ് വിഭാഗം അസ്സോഷ്യേറ്റ് പ്രൊഫസറും, കവയിത്രിയുമാണ് )*

# ഇറാൻ ഉടൻ ആക്രമണം നടത്തിയേക്കുമെന്ന് റിപ്പോർട്ട്

ടെഹ്റാൻ : സിറിയയിലെ ഇറാൻ എംബസി ആക്രമിച്ചതിനു തിരിച്ചടിയായി ഇസ്രയേലിന്റെ മണ്ണിൽ അടുത്ത 48 മണിക്കൂറിനുള്ളിൽ ഇറാൻ ആക്രമണം നടത്തിയേക്കുമെന്ന് റിപ്പോർട്ട്. ഇറാനിലെ ഉന്നതനേതൃത്വവുമായി ബന്ധമുള്ളവരെ ഉദ്ധരിച്ച് വാൾ സ്ട്രീറ്റ് ജേണലാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. ഇറാന്റെ ആക്രമണപദ്ധതി പരമോന്നത നേതാവ് ആയത്തുല്ല അലി ഖമനയിയുടെ പരിഗണനയിലാണുള്ളതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇറാൻ ആക്രമിക്കാൻ സാധ്യതയുണ്ടെന്ന് യുഎസ് രഹസ്യാന്വേഷണ ഏജൻസികളും മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ആക്രമണം മുന്നിൽക്കണ്ട് ഇസ്രയേൽ അതീവജാഗ്രതയിലാണ്. സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെ ഇറാൻ എംബസി കെട്ടിടത്തിനു നേരെ ഇസ്രയേൽ ഏപ്രിൽ ഒന്നിനു നടത്തിയ വ്യോമാക്രമണത്തിൽ ഉന്നത ഇറാൻ സൈനിക ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടതോടെയാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷം മൂർഛിച്ചത്.

ആക്രമണം നേരിടാൻ പൂർണ സജ്ജമാണെന്ന് ഇസ്രയേൽ സൈന്യം അറിയിച്ചു.



# സാമ്പത്തിക തട്ടിപ്പ്; ഹാർദിക് പാണ്ഡ്യയുടെ അർധസഹോദരൻ അറസ്റ്റിൽ

മുംബൈ: ക്രിക്കറ്റ് താരം ഹാർദിക് പാണ്ഡ്യയുടെ അർധ സഹോദരൻ വൈഭവ് പാണ്ഡ്യ സാമ്പത്തിക തട്ടിപ്പ് കേസിൽ അറസ്റ്റിൽ. ഹാർദിക്കിൻറെയും സഹോദരൻ ക്രുനാൽ പാണ്ഡ്യയുടെയും പരാതിയിലാണ് നടപടി.

ഇരുവരുടെയും സംയുക്ത സംരഭത്തിൽ നിന്നും വൈഭവ് പാണ്ഡ്യ 4.3 കോടി രൂപ തട്ടിയെടുത്തെന്നാണ് പരാതി. മുംബൈ പോലീസിൻറെ സാമ്പത്തിക കുറ്റന്വേഷണ വിഭാഗമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

ഫണ്ട് തിരിമറി, പങ്കാളിത്ത ഉടമ്പടി ലംഘനം എന്നീ കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ്. വിശ്വാസ വ!ഞ്ചന, ചതി എന്നീ കുറ്റങ്ങളും മുംബൈ പോലീസിൻറെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം വൈഭപ് പാണ്ഡ്യയ്ക്ക് മേൽ ചുമത്തിയിട്ടുണ്ട്.

മൂന്ന് വർഷം മുമ്പ് ഹാർദിക്കും സഹോദരൻ ക്രുനാലും വൈഭവ് പാണ്ഡ്യയും ചേർന്ന് പോളിമർ ബിസിനസിൽ നിക്ഷേപം നടത്തിയിരുന്നു. 40 ശതമാനം വീതം ഹാർദിക്കും ക്രുനാലും 20 ശതമാനം വിഹിതം വൈഭവും നടത്തുമെന്ന കരാറിലായിരുന്നു നിക്ഷേപം നടത്തിയത്. ഇതിന് പുറമെ സ്ഥാപനത്തിൻറെ ദൈനംദിന കാര്യങ്ങൾ നോക്കാനുള്ള ചുമതലയും വൈഭവിനായിരുന്നു.

നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ ലാഭവിഹിതം വീതിക്കുമെന്നായിരുന്നു കരാർ. എന്നാൽ ഹാർദിക്കിനെയും ക്രുനാലിനെയും അറിയിക്കാതെ മറ്റൊരു പോളിമർ ബിസിനസ് സ്ഥാപനം തുടങ്ങിയ വൈഭവ്, ഇരുവരുമായുള്ള പങ്കാളിത്ത കരാർ ലംഘിച്ചുവെന്നാണ് ഒരു പരാതി. ഇതുവഴി ആദ്യ സ്ഥാപനത്തിൽ നിന്നുള്ള ലാഭം കുത്തനെ ഇടിയുകയും മൂന്ന് കോടി രൂപ നഷ്ടത്തിലാവുകയും ചെയ്തു.

ഇതിന് പുറമെ വൈഭവ് സംയുക്ത പങ്കാളിത്തത്തിൽ തുടങ്ങിയ സ്ഥാപനത്തിലെ നിക്ഷേപം ഹാർദിക്കിൻറെയും ക്രുനാലിൻറെയും അനുമതിയില്ലാതെ 33.3 ശതമാനമായി ഉയർത്തുകയും ചെയ്തു. സംഭവത്തെക്കുറിച്ച് സഹോദരങ്ങൾ ഇതുവരെ പ്രതികരിച്ചിട്ടില്ല.

# ഇലക്ടറൽ ബോണ്ട് അഴിമതി സുപ്രീംകോടതി മേൽനോട്ടത്തിൽ അന്വേഷിക്കണം: എസ്കെഎം

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് ബോണ്ട് കുംഭകോണ കേസ് സുപ്രീം കോടതിയുടെ മേൽനോട്ടത്തിലുള്ള വിരമിച്ച അഡ്മിനിസ്ട്രേറ്റർമാരുടെ പ്രത്യേക സംഘം അന്വേഷിക്കണമെന്ന് സംയുക്ത കിസാൻ മോർച്ച (എസ്കെഎം). കാർഷിക കരിനിയമങ്ങൾ കോർപ്പറേറ്റ് ദാതാക്കളെ പ്രീതിപ്പെടുത്താൻ കേന്ദ്രം ഉപയോഗിച്ചുവെന്നും എസ്കെഎം കുറ്റപ്പെടുത്തി.

തെരഞ്ഞെടുപ്പ് ബോണ്ട് അഴിമതി കേസിൽ സുപ്രീം കോടതിയുടെ മേൽനോട്ടത്തിലുള്ള അന്വേഷണത്തിനായി പ്രചാരണം നടത്താൻ കർഷകരോട് എസ്കെഎം അഭ്യർത്ഥിച്ചു. വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡിയെയും കേന്ദ്രമന്ത്രിമാരെയും ബിജെപി നേതൃത്വത്തെയും വിചാരണ ചെയ്യണമെന്നും സംഘടന ആവശ്യപ്പെട്ടു.

കടാശ്വാസം നൽകുമെന്ന് പ്രഖ്യാപിച്ച് 2014ൽ ഭരണത്തിൽ കയറിയ ബിജെപി സർക്കാർ 20142022 കാലഘട്ടത്തിൽ 1,00,474 കർഷകരും 3,12,214 ദിവസ വേതന തൊഴിലാളികളും മൊത്തം 4,12,688 പേർ ആത്മഹത്യ ചെയ്തെങ്കിലും ഒരു രൂപ പോലും നൽകിയില്ല.

കർഷകരോടുള്ള പ്രധാനമന്ത്രിയുടെ ഇരട്ടത്താപ്പിന് ഉചിതമായ മറുപടി നൽകാൻ കർഷകരോടും ജനങ്ങളോടും അഭ്യർത്ഥിക്കുന്നുവെന്നും എസ്കെഎം പ്രസ്താവനയിൽ പറഞ്ഞു.

# കനേഡിയൻ തെരഞ്ഞെടുപ്പിൽ ചൈനീസ് ഇടപെടൽ

## ഇന്ത്യക്ക് പങ്കില്ലെന്ന് രഹസ്യാന്വേഷണ സമിതി

ഒട്ടാവ: കനേഡിയൻ തെരഞ്ഞെടുപ്പിൽ ചൈനയുടെ ഇടപെടലുണ്ടായെന്ന് റിപ്പോർട്ട്. കനേഡിയൻ രഹസ്യാന്വേഷണ ഏജൻസി നടത്തിയ പരിശോധനയിലാണ് കണ്ടെത്തൽ. പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ ലിബറൽ പാർട്ടി വിജയിച്ച 2019, 2021 തെരഞ്ഞെടുപ്പുകളിലാണ് ചൈനീസ് ഇടപ്പെടൽ നടന്നിരിക്കുന്നത്. എന്നാൽ കനേഡിയൻ രാഷ്ട്രീയത്തിലും തെരഞ്ഞെടുപ്പിലും ഇന്ത്യ ഇടപെടൽ നടത്തിയിട്ടില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

പ്രതിപക്ഷ സമ്മർദത്തെ തുടർന്ന് ട്രൂഡോ തന്നെ നിയോഗിച്ച കമ്മിഷനാണ് ചൈനീസ് ഇടപെടൽ കണ്ടെത്തിയിരിക്കുന്നത്. 2019, 2021 തെരഞ്ഞെടുപ്പുകളിൽ ഇന്ത്യയും പാകിസ്ഥാനും ഇടപെടൽ നടത്തിയെന്ന് കാനേഡിയൻ സെക്യൂരിറ്റി ഇന്റലിജൻസ് സർവീസ് (സിഎസ്ഐഎസ്) ആരോപണം ഉന്നയിച്ചിരുന്നു.

ചൈനയുടെ നയങ്ങളെ പിന്തുണക്കുകയോ അവയോട് നിഷ്പക്ഷത പുലർത്തുകയോ ചെയ്യുന്ന സ്ഥാനാർത്ഥികളെ പിന്തുണക്കുകയാണ് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന ചെയ്തതെന്ന് റിപ്പോർട്ടിൽ പറയുന്നു. അതേസമയം, തെരഞ്ഞെടുപ്പിൽ ഇടപ്പെട്ടുവെന്ന റിപ്പോർട്ടുകൾ നേരത്തെ ചൈന നിഷേധിച്ചിരുന്നു. എന്നാൽ, പുതിയ വാർത്തകളോട് പ്രതികരിച്ചിട്ടില്ല. ട്രൂഡോ സർക്കാരിന് ചൈനീസ് ഇടപെടൽ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിഞ്ഞില്ലെന്നും വിമർശനങ്ങളുണ്ട്.കാനഡയിൽ പ്രതിപക്ഷമായ കൺസർവേറ്റീവ് പാർട്ടി ചൈനക്കെതിരെ ശക്തമായ വിമർശനം ഉന്നയിച്ചിരുന്നു. ഉയിഗൂർ മുസ്!ലിംകൾക്കെതിരെ ചൈന നടത്തുന്ന പീഡനങ്ങളിൽ വിമർശനം ഉന്നയിച്ച അവർ ചൈനീസ് കമ്പനിയായ വാവേക്ക് 5ജി നെറ്റ്!വർക്ക് പിന്തുണ നൽകരുതെന്നും ആവശ്യപ്പെട്ടിരുന്നു.

2021ലെ സെൻസെസ് പ്രകാരം കാനഡയിൽ ഏകദേശം 1.7 മില്യൺ ചൈനീസ് വംശജരാണുള്ളത്.

# ഭീകരവാദത്തിന് ധനസഹായം ; പാശ്ചാത്യ രാജ്യങ്ങൾക്കെതിരെ അന്വേഷണം പ്രഖ്യാപിച്ച് റഷ്യ

മോസ്കോ: ഭീകരവാദത്തിന് ധനസഹായം നൽകുന്നതായി സംശയിക്കുന്ന പാശ്ചാത്യ രാജ്യങ്ങൾക്കെതിരെ അന്വേഷണം ആരംഭിച്ചതായി റഷ്യ.

യുഎസ് പ്രസിഡന്റ് ജോ ബൈഡന്റെ മകന്റേത് ഉൾപ്പെടെയുള്ള ഉക്രെയ്നിലെ ചില യുഎസ് സ്ഥാപനങ്ങൾക്ക് ലഭിച്ച പണം രാജ്യത്ത് ഭീകരവാദ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് റഷ്യൻ അന്വേഷണ സമിതി കണ്ടെത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ഉത്തരവ്.

രാജ്യത്തിനകത്തും പുറത്തുമുള്ള പ്രമുഖരായ രാഷ്ട്രീയ നേതാക്കളെ ഇല്ലാതാക്കാനാണ് ഇത്തരം ഫണ്ട് ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി റിപ്പോർട്ടിൽ പറയുന്നു.

ബൈഡന്റെ മകൻ ഹണ്ടർ ബൈഡന് ജോലി നൽകിയിട്ടുള്ള എണ്ണ വാതക കമ്പനിയായ ബുരിസ്മ ഹോൾഡിങ് കമ്പനികളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2020ലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി ബൈഡന്റെ മകൻ ഹണ്ടറിനെ കുറിച്ചുള്ള മോശം വാർത്തകൾ ഇല്ലാതാക്കാൻ സോഷ്യൽ മീഡിയ സഹായിച്ചുവെന്ന് ഒരു റിപ്പോർട്ടിൽ പറയുന്നു. എന്നാൽ ആരോപണങ്ങൾ ഹണ്ടർ നിഷേധിച്ചു.

തലസ്ഥാന നഗരിയായ മോസ്കോയ്ക്ക് സമീപത്തുള്ള കോർക്കസ് ഹാളിൽ മാർച്ചിൽ നടന്ന ആക്രമണത്തിൽ 144 പേർ കൊല്ലപ്പെട്ടിരുന്നു. ഈ ആക്രമണത്തിൽ ഉക്രെയ്നും പാശ്ചാത്യ രാജ്യങ്ങൾക്കും പങ്കുണ്ടെന്ന് റഷ്യ ആരോപണം ഉയർത്തിയിരുന്നു.

# റഫ ആക്രമിക്കാനുള്ള തീരുമാനം തെറ്റാണെന്ന് അമേരിക്ക

ജറൂസലം: റഫ ആക്രമിക്കാനുള്ള തീരുമാനം തെറ്റായ നടപടിയാകുമെന്ന് ഇസ്രയേലിന്റെ അടുത്ത സഖ്യകക്ഷിയായ അമേരിക്ക. സാധാരണക്കാരെ സംരക്ഷിക്കാൻ പദ്ധതി വേണമെന്നും യു.എസ് ആവശ്യപ്പെട്ടിട്ടുണ്ട്. വെടിനിർത്തൽ കരാറിനെ കുറിച്ച് കെയ്റോയിൽ ചർച്ച നടന്നുകൊണ്ടിരിക്കെയാണ് ഇസ്രയേലിന്റെ പുതിയ നീക്കം. 14 ലക്ഷം പേർ താമസിക്കുന്ന നഗരമാണ് ഗാസ സിറ്റിയിലെ റഫ. ഇതിൽ ഭൂരിഭാഗം പേരും ഇസ്രയേൽ ആക്രമണത്തെ തുടർന്ന് പലായനം ചെയ്തവരാണ്.

ഖാൻ യൂനിസിൽ നിന്ന് സൈന്യത്തെ പിൻവലിച്ചതിന് പിന്നാലെയാണ് റഫ പിടിച്ചടക്കുമെന്ന് ഇസ്രയേൽ പ്രഖ്യാപിച്ചത്. ഇതിന് തീയതിക്കുറിച്ചതായും നെതന്യാഹു പ്രഖ്യാപിക്കുകയായിരുന്നു.

ഇസ്രയേൽ ഹമാസ് യുദ്ധത്തിൽ ഇതുവരെ കൊല്ലപ്പെട്ട പലസ്തീനികളുടെ എണ്ണം 33,200 കടന്നതായും 76,000 പേർക്ക് പരിക്കേറ്റതായും ഗാസ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

മരിച്ചവരിൽ ഭൂരിഭാഗവും സ്ത്രീകളും കുട്ടികളുമാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ 32 പേർ ആക്രമണത്തിൽ കൊല്ലപ്പെടുകയും 47 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

# പഞ്ചാബ് കിംഗ്സിനെ രണ്ട് റൺസിന് കീഴടക്കി സൺറൈസേഴ്സ്

മൊഹാലി: സിക്ക് നഗരമായ മുള്ളൻ പൂർ ദഖയിൽ സ്വിംഗ് ബൗളിംഗിൻറെ സൗന്ദര്യം കണ്ട ഐപിഎൽ ടൺറി20 ക്രിക്കറ്റ് മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിന് ജയം. ആതിഥേയരായ പഞ്ചാബ് കിംഗ്സിനെ രണ്ട് റൺസിന് സൺറൈസേഴ്സ് കീഴടക്കി.

സ്കോർ: സൺറൈസേഴ്സ് ഹൈദരാബാദ് 182/9 (20). പഞ്ചാബ് കിംഗ്സ് 180/6 (20).

സൺറൈസേഴ്സ് മുന്നോട്ടുവച്ച ലക്ഷ്യം പിന്തുടർന്ന പഞ്ചാബിന് തുടക്കത്തിൽ തുടരെ വിക്കറ്റ് നഷ്ടമായി. 4.4 ഓവറിൽ 20 റൺസ് എടുക്കുന്നതിനിടെ ആതിഥേയരുടെ മൂന്ന് വിക്കറ്റ് നിലംപൊത്തി. ജോണി ബെയർസ്റ്റൊ (0), ക്യാപ്റ്റൻ ശിഖർ ധവാൻ (14), പ്രഭ്സിംറൻ സിംഗ് (നാല്) എന്നിവരെയാണ് പഞ്ചാബിന് തുടക്കത്തിൽ നഷ്ടപ്പെട്ടത്.

പിന്നീട് ശശാങ്ക് സിംഗ് (25 പന്തിൽ 46 നോട്ടൗട്ട് ), അഷുതോഷ് ശർമ (15 പന്തിൽ 33 നോട്ടൗട്ട് ) എന്നിവരുടെ പോരാട്ടമാണ് പഞ്ചാബിനെ ജയത്തിൻറെ വക്കിൽവരെ എത്തിച്ചത്. ഹൈദരാബാദിനായി ഭുവനേശ്വർ കുമാർ രണ്ടും പാറ്റ് കമ്മിൻസ്, നടരാജൻ, നിതീഷ് കുമാർ, ഉനദ്ഘട് എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി.

ടോസ് നേടിയ പഞ്ചാബ് കിംഗ്സ് ക്യാപ്റ്റൻ ശിഖർ ധവാൻ ബൗളിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ടോസ് നഷ്ടപ്പെട്ടെങ്കിലും കാര്യങ്ങൾ തങ്ങളുടെ വരുതിയിലാക്കാനായി സൺറൈസേഴ്സ് ഹൈദരാബാദ് ഓപ്പണർ ട്രാവിസ് ഹെഡ് ആക്രമിച്ചു കളിച്ചു. 15 പന്തിൽ 21 റൺസ് നേടിയ ട്രാവിസ് ഹെഡിനെ അർഷദീപ് സിംഗ് ശിഖർ ധവാൻറെ കൈകളിലെത്തിച്ച് ആദ്യ പ്രഹരമേൽപ്പിച്ചു.

പിന്നീടങ്ങോട്ട് അർഷദീപ് സിംഗിൻറെ സ്വിംഗ് ആക്രമണമായിരുന്നു കണ്ടത്. ഒരു പന്തിൻറെ ഇടവേളയിൽ എയ്ഡൻ മാർക്രത്തെ വിക്കറ്റിനു പിന്നിൽ ജിതേഷ് ശർമയുടെ കൈകളിലെത്തിച്ചു. കഴിഞ്ഞ മത്സരത്തിൽ അർധസെഞ്ചുറി നേടിയ മാർക്രത്തിന് ഇത്തവണ അക്കൗണ്ട് തുറക്കാൻ സാധിച്ചില്ല. രണ്ട് പന്ത് മാത്രമായിരുന്നു മാർക്രത്തിൻറെ ഇന്നിംഗ്സ് നീണ്ടത്.

# ആദ്യ തോൽവിക്ക് പിന്നാലെ സഞ്ജുവിന് 12 ലക്ഷം പിഴ

ജയ്പുർ: ഐപിഎല്ലിൽ സീസണിലെ ആദ്യ തോൽവി വഴങ്ങിയതിന് പിന്നാലെ രാജസ്ഥാൻ റോയൽസ് നായകൻ സഞ്ജു സാംസണ് പിഴശിക്ഷയും. ഗുജറാത്ത് ജയൻ്റ്സിനെതിരായ മത്സരത്തിൽ കുറഞ്ഞ ഓവർ നിരക്കിൻറെ പേരിൽ 12 ലക്ഷം രൂപയാണ് സഞ്ജുവിന് ബിസിസിഐ പിഴ ചുമത്തിയത്.

ഗുജറാത്ത് ടൈറ്റൻസിനെതിരെ നിശ്ചിത സമയത്ത് ഒരോവർ കുറച്ചാണ് രാജസ്ഥാൻ എറിഞ്ഞിരുന്നത്. സീസണിൽ സഞ്ജുവിൻറെ ആദ്യ പിഴവായതിനാലാണ് പിഴശിക്ഷ 12 ലക്ഷമായി പരിമിതപ്പെടുത്തിയതെന്ന് ഐപിഎൽ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

കുൽദീപ് സെൻ എറിഞ്ഞ പത്തൊമ്പതാം ഓവറിൽ രണ്ട് വൈഡുകളും ഒരു നോ ബോളും എറിഞ്ഞതോടെയാണ് ഒമ്പത് പന്ത് എറിയേണ്ടിവന്നത്. വേഗം ഓവർ പൂർത്തിയാക്കാൻ സഞ്ജുവും ടീം ഡയറക്ടർ കുമാർ സംഗക്കാരയും കുൽദീപ് സെന്നിനോട് ആവശ്യപ്പെടുന്നുണ്ടായിരുന്നു.

നിശ്ചിത സമയത്ത് ഓവർ പൂർത്തീകരിക്കാത്തതിനാൽ അവസാന ഓവറിൽ നാലു ഫീൽഡർമാരെ മാത്രമേ രാജസ്ഥാന് ബൗണ്ടറിയിൽ നിയോഗിക്കാനായുള്ളൂ. ഇത് രാജസ്ഥാൻറെ വിജയത്തെ വരെ ബാധിച്ചു.

നിശ്ചിത 20 ഓവറിൽ രാജസ്ഥാൻ റോയൽസ് ഉയർത്തിയ 197 റൺസ് വിജയലക്ഷ്യം ഗുജറാത്ത് ടൈറ്റൻസ് അവസാന പന്തിലെ ബൗണ്ടറിയിലൂടെയാണ് വിജയത്തിലെത്തിയത്.

അവസാന നാലോവറിൽ ജയിക്കാൻ 60 റൺസായിരുന്നു ജയിക്കാൻ വേണ്ടിയിരുന്നത്.

# മഹാരാഷ്ട്രയിൽ ഇന്ത്യ സഖ്യം നേട്ടമുണ്ടാക്കുമെന്ന് സർവേ

മുംബൈ: ലോക്സഭാ തെരഞ്ഞെടുപ്പിൽ മഹാരാഷ്ട്രയിൽ ബിജെപിക്ക് വൻ തിരിച്ചടി നേരിടുമെന്ന് ലോക്പോൾ സർവേ. ഇന്ത്യ സഖ്യം കൂടുതൽ സീറ്റുകൾ നേടുമെന്ന് സർവേ പ്രവചിക്കുന്നു.

ഏക്നാഥ് ഷിൻഡെയും അജിത്ത് പവാറും തെരഞ്ഞെടുപ്പിൽ സ്വാധീനമുണ്ടാക്കില്ലെന്നാണ് വിലയിരുത്തൽ. ബിജെപിയുടെ കുതന്ത്രങ്ങളിൽ ചിഹ്നവും പാർട്ടിയുടെ പേരും അടക്കം നഷ്ടപ്പെട്ട ഉദ്ധവ്ശരത് പവാറും മഹാരാഷ്ട്രയിൽ കരുത്ത് വീണ്ടെടുക്കുമെന്ന് സർവേ പ്രവചിക്കുന്നു. പരമ്പരാഗത വോട്ടർമാർ ഇവർക്കൊപ്പം അടിയുറച്ച് നിലകൊള്ളും. 2019നെ അപേക്ഷിച്ച് വലിയ നഷ്ടം തന്നെ ഇത്തവണ ബിജെപിക്കുണ്ടാവുമെന്നും ലോക്പോൾ സർവേ വിലയിരുത്തുന്നു.

23നും 26നും ഇടയിൽ സീറ്റുകൾ ഇന്ത്യ സഖ്യം നേടുമെന്ന് സർവേ പ്രവചിക്കുന്നു. ഇതിൽ മുഖ്യ പ്രതിപക്ഷ പാർട്ടിയായി കോൺഗ്രസ് ഒമ്പത് മുതൽ 12 വരെയാണ് നേടുകയെന്നും സർവേ പ്രവചിക്കുന്നു. അതേസമയം എൻഡിഎക്ക് 21 സീറ്റുകൾക്കും 24നും ഇടയിൽ മാത്രമേ നേടാനാവൂ. അതിൽ തന്നെ ബിജെപി 14 മുതൽ 17 സീറ്റുകൾ വരെ നേടിയേക്കുമെന്നും സർവേ പറയുന്നു.

വിദർഭ മേഖലയിൽ വൻ നേട്ടം കോൺഗ്രസ് സ്വന്തമാക്കും. മുസ്ലിം, പട്ടികജാതിപട്ടിക വിഭാഗ വർഗങ്ങൾ മഹാവികാസ് അഗാഡിക്ക് അനുകൂലമായി വോട്ട് ചെയ്യും. മഹാവികാസ് അഗാഡിക്ക് സീറ്റ് വിഭജന ചർച്ചകളിൽ ഉണ്ടായ പ്രശ്നങ്ങൾ സംഗ്ലി, ഭീവണ്ഡി, മുംബൈ സൗത്ത് സെൻട്രൽ എന്നിവിടങ്ങളിൽ ഭീഷണിയാകും.എൻഡിഎയുടെ സിറ്റിങ് എംപിമാർക്കെതിരെ വളരെ ശക്തമായ ഭരണവിരുദ്ധ വികാരം നിലവിലുണ്ട്. എൻസിപിയിലെയും ശിവസേനയിലെയും വിമത വിഭാഗങ്ങൾ ചിഹ്നത്തിലും പേരിലുമെല്ലാം അനുകൂല നേട്ടമുണ്ടാക്കിയെങ്കിലും തിരഞ്ഞെടുപ്പിൽ തിരിച്ചടിയായിരിക്കും ഫലം. ഇവർക്ക് മികച്ച വോട്ട് ശതമാനമോ സീറ്റുകളോ ലഭിക്കില്ല. മറാത്ത വികാരം ബിജെപിക്കെതിരെ തെരഞ്ഞെടുപ്പിൽ ശക്തമായി മാറുമെന്നും സർവേ പ്രവചിക്കുന്നു.

# ബിജെപി പത്താംഘട്ട സ്ഥാനാർത്ഥി പട്ടികയായി

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞടുപ്പിലെ പത്താംഘട്ട സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ച് ബിജെപി. ഒമ്പത് സ്ഥാനാർത്ഥികളുടെ പട്ടികയാണ് പുറത്തിറക്കിയത്. ഉത്തർപ്രദേശിൽ ഏഴും ചണ്ഡീഗഡിലെയും പശ്ചിമ ബംഗാളിലെ ഒരോ വീതം സ്ഥാനാർത്ഥികളെയുമാണ് പ്രഖ്യാപിച്ചത്. ബംഗാളിലെ അസൻസോളിൽ എസ്എസ് അലുവാലിയയും ചണ്ഡീഗഡിൽ സഞ്ജയ് ടണ്ഠനും മെയിൻപുരിയിൽ ജയ് വീർ സിങ് ഠാക്കൂറും ഫൂൽപൂരിൽ പ്രവീൺ പട്ടേലും അലഹബാദിൽ നീരജ് ത്രിപാഠിയും ബലിയയിൽ നീരജ് ശേഖറും മച്ചിഷഹറിൽ ബിപി സരോജും ഗാസിപൂരിൽ പരസ് നാഥ് റായിയും മത്സരിക്കും.അസൻസോളിൽ മുൻ കേന്ദ്രമന്ത്രിയായ അലുവാലിക്കെതിരെ തൃണമൂൽ കോൺഗ്രസിന്റെ സ്ഥാനാർത്ഥി ശത്രുഘ്നൻ സിൻഹയാണ്.

ബർദാൻ ദുർഗാപൂർ മണ്ഡലത്തിലെ സിറ്റിങ് എംപിയാണ് അലുവാലിയ. ഇത്തവണ ആ മണ്ഡലത്തിൽ ബിജെപി മുൻ സംസ്ഥാന അധ്യക്ഷൻ ദിലീപ് ഘോഷാണ് മത്സരിക്കുന്നത്.

ഭോജ്പുരി ഗായകനും നടനുമായ പവൻ സിങ്ങിനെ അസൻസോളിലെ സ്ഥാനാർത്ഥിയായി ബിജെപി ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും, മണ്ഡലത്തിൽ നിന്ന് മത്സരിക്കാൻ പവൻ വിസമ്മതിച്ചതിനെത്തുടർന്ന് ഈ സീറ്റിൽ സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചിരുന്നില്ല.

# സന്ദേശ്ഖാലി: സിബിഐ അന്വേഷിക്കും

## *ഉത്തരവിട്ട് കൽക്കട്ട ഹൈക്കോടതി

കൊൽക്കത്ത: ബംഗാളിലെ സന്ദേശ്ഖാലിയിലുണ്ടായ സംഘർഷങ്ങളിൽ സിബിഐ അന്വേഷണം നടത്താൻ കൽക്കട്ട ഹൈക്കോടതിയുടെ ഉത്തരവ്.

ചീഫ് ജസ്റ്റിസ് ടി എസ് ശിവജ്ഞാനം, ജസ്റ്റിസ് ഹിരൺമയ് ഭട്ടാചാര്യ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെതാണ് ഉത്തരവ്. തൃണമൂൽ കോൺഗ്രസ് നേതാക്കൾ പ്രതിസ്ഥാനത്തുള്ള ലൈംഗികാതിക്രമങ്ങൾ, ഭൂമി കയ്യേറ്റം തുടങ്ങിയ ആക്ഷേപങ്ങളാണ് സിബിഐ പരിശോധിക്കുക. കോടതിയുടെ മേൽനോട്ടത്തിലായിരിക്കും സിബിഐ അന്വേഷണം.

'സന്ദേശ്ഖാലിയിലെ കാര്യങ്ങളുടെ സങ്കീർണത കണക്കിലെടുത്ത്, നിഷ്പക്ഷമായ അന്വേഷണം നടത്തണമെന്ന കാര്യത്തിൽ സംശയമില്ല. ഏത് ഏജൻസിയെ ചുമതലപ്പെടുത്തിയാലും സംസ്ഥാനം ശരിയായ പിന്തുണ നൽകണം' ഹൈക്കോടതി പറഞ്ഞു. പീഡനത്തിന് ഇരയായവർക്കും സാക്ഷികൾക്കും പരാതികൾ സമർപ്പിക്കാൻ പ്രത്യേകസംവിധാനം ഉണ്ടാക്കണമെന്നും അതിന് രഹസ്യ സ്വഭാവം വേണമെന്നും കോടതി പറഞ്ഞു.

സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിലെ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണവുമായി ബന്ധപ്പെട്ട് സന്ദേശ്ഖലിയിലേക്ക് റെയ്ഡ് ചെയ്യാൻ പോയ ഇഡി ഉദ്യോഗസ്ഥർക്ക് നേരെ ജനുവരി അഞ്ചിനാണ് ആക്രമണമുണ്ടായത്. തൃണമൂൽ നേതാവ് ഷാജഹാൻ ഷെയ്ഖിന്റെ അനുയായികൾ നടത്തിയ ആക്രമണങ്ങളിൽ സിബിഐ ഇതിനകം തന്നെ അന്വേഷണം നടത്തിയിരുന്നു.തുടർന്ന് ഫെബ്രുവരി അഞ്ചിന്, ഗ്രാമത്തിലെ പ്രാദേശിക സ്ത്രീകൾ, ഷെയ്ഖിനെയും അദ്ദേഹത്തിന്റെ സഹായികളെയും ലൈംഗികമായി ദുരുപയോഗം ചെയ്തതിനും ഉപദ്രവിച്ചതിനും അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭം ആരംഭിച്ചു. തൃണമൂൽ കോൺഗ്രസ് നേതാവ് തങ്ങളുടെ ഭൂമി ബലമായി തട്ടിയെടുത്തതായും ഗ്രാമവാസികൾ ആരോപിക്കുന്നു.

# ഒഡീഷ സ്വദേശിനിയെ കൊലപ്പെടുത്തിയ കേസിലെ പ്രതി അറസ്റ്റിൽ

ആലപ്പുഴ: ഒഡീഷ കണ്ഠമൽ ചെൻചെടി സ്വദേശി റിതിക സാഹു (26) കൊല്ലപ്പെട്ട കേസിലെ സുഹൃത്തും ഒഡീഷ സ്വദേശിയുമായ കണ്ടമൽ സാമുവൽ രൂപമഞ്ചി (22) അറസ്റ്റിൽ. രണ്ടിനു പുലർച്ചെ ഒന്നിന് പെരുമ്പളം ജംഗ്ഷനു സമീപമുള്ള ഫുഡ്കോ കമ്പനിയിൽ തൊഴിലാളിയായ റിതികയെ സുഹൃത്തായ സാമുവൽ കുത്തിപ്പരിക്കേല്പിച്ചത്. ഗുരുതരമായി പരിക്കേറ്റ റിതികയെ എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ചികിത്സയിലിരിക്കെ നാലാം തീയതി രാത്രി 11ന് റിതിക മരിച്ചു.

കൃത്യത്തിനുശേഷം ഒഡീഷയിലേക്ക് രക്ഷപ്പെട്ട പ്രതിയെ മാവോയിസ്റ്റ് മേഖലയായ റെമനി ഗുഡയിൽ ഒളിവിൽ കഴിഞ്ഞിരുന്ന വീട്ടിൽനിന്നുമാണ് പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. അരൂർ, പൂച്ചാക്കൽ, മലപ്പുറം ജില്ലയിലെ ചങ്ങരംകുളം എന്നിവിടങ്ങളിൽ ജോലി ചെയ്തിരുന്ന പ്രതിയുമായി പരിചയമുള്ള നിരവധിപ്പേരെ ചോദ്യം ചെയ്തതിൽനിന്നുമാണ് പ്രതിയുടെ സ്ഥലത്തെ സംബന്ധിച്ച സൂചനകൾ ലഭിച്ചത്.

പ്രതിയെ പിടികൂടുന്നതിനായി ചേർത്തല ഡിവൈഎസ്പി എസ്. ഷാജിയുടെ മേൽനോട്ടത്തിൽ പൂച്ചാക്കൽ ഇൻസ്പക്ടർ ജോസിൻറെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. കുത്തിയതോട് എസ്ഐ തോമസിൻറെ നേതൃത്വത്തിൽ സീനിയർ സിവിൽ പോലീസ് ഓഫീസന്മാരായ ജിതിൻ, അനീഷ്, സുബിമോൻ ബിജോയ് എന്നിവരെ പ്രതിയെ പിടികൂടുന്നതിനായി ഒറീസയിലേക്ക് അയച്ചു. പ്രതിയെ സംബന്ധിച്ച പ്രാദേശിക ബന്ധമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി മറ്റൊരു സംഘത്തെയും നിയോഗിച്ചു. എസ്ഐ ഗോപാലകൃഷ്ണൻ, കിംഗ് റിച്ചാർഡ്, അരുൺകുമാർ, ടെൽസൺ തോമസ് സ്പെഷൽ ബ്രാഞ്ച് സീനിയർ സിവിൽ പോലിസ് ഓഫീസർ മനുമോഹൻ, എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

പ്രതിയും റിതികയും തമ്മിൽ നാലുവർഷമായി അടുപ്പത്തിലായിരുന്നുവെന്നും റിതിക ബന്ധത്തിൽനിന്നു പിന്മാറിയതിൻറെ വൈരാഗ്യത്തിലാണ് പ്രതി ഫുഡ്കോ കമ്പനിയിൽ എത്തി റിതികയെ കൊലപ്പെടുത്തിയതെന്നുമാണ് പ്രതി സാമുവൽ മൊഴി നൽകിയിരിക്കുന്നത്. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കുമെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ പൂച്ചാക്കൽ പോലീസ് ഇൻസ്പക്ടർ എൻ.ആർ. ജോസ് അറിയിച്ചു.

# പ്രവാസികളുടെ വിഷുക്കണി; കേരളത്തിൽനിന്ന് 1500 ടൺ പച്ചക്കറി ഗൾഫിലേക്ക്

നെടുമ്പാശേരി: ഗൾഫ് മലയാളികളുടെ വിഷു ആഘോഷത്തിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം വഴി നാലു ദിവസങ്ങളിലായി 1500ൽപ്പരം ടൺ പച്ചക്കറി കയറ്റി അയയ്ക്കും. ഇതിൽ കൂടുതലും വിഷുക്കണി കാണാനുള്ള വിഭവങ്ങളാണ്. കഴിഞ്ഞ വർഷം 1300 ടൺ പച്ചക്കറിയാണ് വിഷു സീസണിൽ കൊച്ചിയിൽനിന്നു കയറ്റുമതി ചെയ്തത്.

ഇത്തവണ യാത്രാ വിമാനങ്ങളിലാണ് അധികവിഭവങ്ങളും കയറ്റി അയയ്ക്കുന്നത്. രണ്ടു കാർഗോ വിമാനങ്ങളും ക്രമീകരിക്കും. കണിക്കൊന്ന പൂവ്, കണിവെള്ളരിക്ക, ചക്ക, മാങ്ങ, അച്ചിങ്ങ, കുമ്പളങ്ങ, തക്കാളി, വെണ്ടക്ക, മുരിങ്ങക്കായ, മത്തങ്ങ, കോവക്ക തുടങ്ങിയവയാണ് പ്രധാനമായും കയറ്റി വിടുന്നത്. വിമാനത്താവളത്തിൻറെ സമീപ പ്രദേശങ്ങളിൽനിന്നുള്ള കൃഷിക്കാരിൽനിന്നു സംഭരിക്കുന്ന കാർഷികവിഭവങ്ങൾക്കൊപ്പം തമിഴ്നാട്ടിൽനിന്നു കൊണ്ടുവരുന്ന സാധനങ്ങളും കയറ്റി അയയ്ക്കുന്നുണ്ട്.

കേരളത്തിൽനിന്നു ഗൾഫ് മേഖലയിലേക്ക് കയറ്റി അയയ്ക്കുന്ന വിഭവങ്ങൾ ഈ വർഷം ജനുവരി മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ വർധിച്ചിട്ടുണ്ട്. ഈ വർഷം 20030. 150 ടൺ സാധനങ്ങളാണ് കയറ്റി വിട്ടത്. കഴിഞ്ഞവർഷം ഈ കാലയളവിൽ 14898.305 ടൺ വിഭവങ്ങളാണു കയറ്റി വിട്ടത്.

ചെങ്കടലിലെ കടൽക്കൊള്ളക്കാരുടെ ഭീഷണിമൂലം കപ്പൽഗതാഗതം തടസപ്പെട്ടതാണു വ്യോമമാർഗമുള്ള കാർഗോ കയറ്റുമതി വർധിക്കാൻ കാരണം. പൂക്കൾ, പഴം, പച്ചക്കറി, മാംസം, മത്സ്യം തുടങ്ങിയ സാധനങ്ങളുടെ കയറ്റുമതിയാണ് കൂടിയത്. ഈ കാലയളവിൽ തിരുവനന്തപുരം വഴി 8084.1225 ടണ്ണും കൊച്ചി വഴി 6855.04 ടണ്ണും കോഴിക്കോട് വഴി 4345 ടണ്ണും കണ്ണൂർ വഴി 746 ടണ്ണും സാധനങ്ങളാണു കയറ്റിവിട്ടത്.

## ഉക്രെയ്ൻ സമാധാന ചർച്ച ജൂണിൽ

ബേൺ: ഉക്രെയ്ൻ സമാധാന ചർച്ച ജൂൺ പകുതിയോടെ സ്വിറ്റ്സർലൻഡിൽ നടക്കും. യുഎസ് പ്രസിഡന്റ് ജോ ബൈഡൻ യോഗത്തിൽ പങ്കെടുത്തേക്കുമെന്നും റിപ്പോർട്ടുകളുണ്ട്. ജൂൺ 16,17 തീയതികളിലായിരിക്കും യോഗം ചേരുക, ഇതുസംബന്ധിച്ച അന്തിമതീരുമാനമായിട്ടില്ല. നിരവധി രാജ്യങ്ങളിലെ തലവന്മാരും യോഗത്തിൽ പങ്കെടുക്കും.

ഉക്രെയ്ൻ പ്രസിഡന്റ് വ്ളാദിമിർ സെലൻസ്കിയുടെ സന്ദർശനത്തിന് പിന്നാലെയാണ് സമാധാന ചർച്ചകളുമായി മുന്നോട്ടുപോകാൻ സ്വിറ്റ്സർലൻഡ് തീരുമാനിച്ചത്. റഷ്യൻ പ്രതിനിധികളില്ലാതെയാകണം ഉച്ചകോടി നടക്കേണ്ടതെന്നും ഇവർ ആവശ്യപ്പെട്ടിരുന്നു.

# റോഡ് ടാറിംഗ് നടത്തിയില്ല; ആനപ്പാറ നിവാസികൾ സമരത്തിലേക്ക്

രാജാക്കാട്: പൊട്ടിത്തകർന്നു കിടക്കുന്ന റോഡ് സഞ്ചാരയോഗ്യമാക്കണമെന്നാവശ്യപ്പെട്ട് ആനപ്പാറ നിവാസികൾ ഒന്നടങ്കം പ്രതിഷേധ സമരം നടത്തി. രാജാക്കാട് പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽപ്പെടുന്ന റോഡിൻറെ തകർച്ചക്കെതിരേയാണ് പ്രതിഷേധിച്ചത്.

ചെല്ലക്കാനം എസ്റ്റേറ്റ് കവലയിൽനിന്ന് ആനപ്പാറ കുരിശുപള്ളി വരെയുള്ള ഒന്നര കിലോമീറ്റർ റോഡാണ് പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായത്. കഴിഞ്ഞ കുറെ വർഷമായി ഈ റോഡിൻറെ സ്ഥിതി കാളവണ്ടി യുഗത്തെപ്പോലും നാണിപ്പിക്കുന്നതാണ്.

മറ്റൊരു റോഡിൻറെ നിർമാണം നടത്തുന്ന കരാർ കമ്പനി കരിങ്കൽ സാമഗ്രികൾ സ്റ്റേക്ക് ചെയ്യുന്നതിനായി ഹിറ്റാച്ചി പോലുള്ള വാഹനങ്ങൾ ഓടിച്ചതാണ് റോഡിന് കൂടുതൽ തകർച്ച ഉണ്ടാക്കിയതെന്നും ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കി നൽകാമെന്ന് പഞ്ചായത്ത് അധികൃതർക്ക് വാക്കാൽ ഉറപ്പ് നൽകിയെന്നുമാണ് പ്രദേശവാസികൾ പറയുന്നത്.

ചെറുകിട കർഷകരും തോട്ടം തൊഴിലാളികളും അധിവസിക്കുന്ന മേഖലയാണിത്. ദൈനംദിന ആവശ്യങ്ങൾക്കായി രാജാക്കാട് ടൗണിലോ മുല്ലക്കാനത്തോ എത്തിച്ചേരണമെങ്കിൽ കാൽനട മാത്രമാണ് ആശ്രയം. ഇളകിക്കിടക്കുന്ന കല്ലിലും കുഴിയിലും ചാടി വേണം യാത്ര സാധ്യമാകാൻ. ഓട്ടോറിക്ഷ പോലും ഈ വഴിക്കെത്താറില്ല.സ്കൂൾ ബസുകളും ഇതുവഴിയുള്ള ഓട്ടം നിർത്തിയിട്ട് നാളുകളായി.

രോഗികളുമായി ആശുപത്രിയിലെത്താനും ഏറെ വിഷമിക്കുകയാണിവിടത്തുകാർ. സ്കൂൾ തുറന്നു കഴിഞ്ഞാൽ വിദ്യാർഥികളും രക്ഷാകർത്താക്കളും ഏറെ വിഷമത്തിലാകും. സ്ത്രീകളും കുട്ടികളുമടക്കം നിരവധിയാളുകൾ രാഷ്ട്രീയം മറന്ന് റോഡിൽ പ്ലക്കാർഡുകളുമായി സൂചന സമരം നടത്തി. ഏത്രയും വേഗം റോഡ് ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.

പ്രതിഷേധത്തെത്തുടർന്ന് ഉടൻ റോഡ് ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുമെന്ന് രാജാക്കാട് പഞ്ചായത്ത് പ്രസിഡൻറ് എം.എസ്. സതി അറിയിച്ചു.

# പാറ പൊട്ടിച്ചപ്പോൾ വീടിന് വിള്ളൽ

രാജാക്കാട്: കള്ളിമാലിയിൽ വെള്ളമെടുക്കുന്ന ഓലിയിലെ പാറ നീക്കം ചെയ്യുന്നതിനായി പാറ പൊട്ടിച്ചപ്പോൾ വീടിന് വിള്ളൽ വീണതായി പരാതി. കള്ളിമാലി കാവാട്ടുപാറയിൽ മനുവാണ് പരാതിക്കാരൻ.

ഏപ്രിൽ ഒന്നിന് ഉച്ചയ്ക്ക് ശേഷം അയൽവാസിയായ റാത്തപ്പിള്ളിൽ ജോസ് പാട്ടത്തിന് നൽകിയ പറമ്പിലെ ഓലിയിൽ വെള്ളമില്ലാത്തതിനാൽ ഓലിയ്ക്കുള്ളിലെ പാറ പൊട്ടിയ്ക്കുന്നതിനിടെ ഉഗ്രസ്ഫോടനം നടന്നെന്നും വീടിൻറെ ഭിത്തിയിൽ പല ഭാഗങ്ങളിലും വിള്ളൽ വീണതായും പല ഭാഗങ്ങളിലും വിള്ളലുള്ളതായും പരാതിക്കാരൻ പറയുന്നു.

2018 ലെ പ്രളയത്തിൽ വീട് തകർന്നതിനെത്തുടർന്ന് സർക്കാർ സഹായത്തോടെയാണ് പുതിയ വീട് നിർമിച്ചതെന്നും കഴിഞ്ഞ നാല് വർഷമായി ഷെഡിലാണ് കഴിഞ്ഞുകൂടിയതെന്നുമാണ് വീട്ടുകാർ പറയുന്നത്. കൂലിപ്പണി ചെയ്ത് കഴിയുന്ന തങ്ങൾക്ക് വേറെ വീട് വയ്ക്കുവാൻ മാർഗമില്ലെന്നുമാണ് മനുവിൻറെ മാതാവ് ഓമന പറയുന്നത്.

മനുവും സഹോദരൻ മനോജും മാതാവുമാണ് വീട്ടിൽ താമസിക്കുന്നത്. അയൽവാസി ജോസുമായി സംസാരിച്ചപ്പോൾ വീടിൻറെ കേടുപാടുകൾ തീർത്തുതരാമെന്ന് സമ്മതിച്ചതായും ഇതുസംബന്ധിച്ച് എഗ്രിമെൻറ് എഴുതാൻ പോയപ്പോൾ തീരുമാനം മാറ്റിയെന്നുമാണ് പറഞ്ഞത്.

ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലും പോലീസിലും പരാതി നൽകി.

# സാധാരണക്കാരൻറെ ദുരിതം പിണറായിക്ക് മനസിലാകില്ല: വി.ഡി. സതീശൻ

പുല്ലാട്: സാധാരണക്കാരൻ നേരിടുന്ന ദുരിതം മനസിലാക്കാനുള്ള ശേഷി മുഖ്യമന്ത്രി പിണറായി വിജയനു കൈമോശം വന്നിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

പത്തനംതിട്ട ലോക്സഭാ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തോടനുബന്ധിച്ച് പുല്ലാട്ട് കെപിസിസി ജനറൽ സെക്രട്ടറി അനീഷ് വരിക്കണ്ണാമലയുടെ ഭവനാങ്കണത്തിൽ നടന്ന 'വീട്ടുമുറ്റം' പരിപാടി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നികുതി ഭീകരതയുടേയും അഴിമതിയുടേയും സർവകാല റിക്കോർഡ് സൃഷ്ടിച്ച സർക്കാരാണ് കേരളം ഭരിക്കുന്നതെന്ന് സതീശൻ പറഞ്ഞു. ജനത്തിൻറെ ദുരിതം കാണാതെ കുടുംബത്തിൻറെ ഭാവിയെക്കുറിച്ച് മാത്രം ചിന്തിച്ച മുഖ്യമന്ത്രിയാണ് പിണറായി വിജയൻ. ഭരണഘടന പ്രതിസന്ധിയിലാക്കുമ്പോൾ കാഴ്ചക്കാരായി നോക്കി നിൽക്കാൻ മാത്രമാണ് സിപിഎമ്മിനു സാധിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഉണ്ണികൃഷ്ണൻ നായർ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡിസിസി പ്രസിഡൻറ് പ്രഫ. സതീഷ് കൊച്ചുപറമ്പിൽ, മുൻ എംഎൽഎമാരായ കെ. ശിവദാസൻ നായർ, മാലേത്ത് സരളാദേവി, യുഡിഎഫ് ജില്ലാ ചെയർമാൻ വർഗീസ് മാമ്മൻ, അനീഷ് വരിക്കണ്ണാമല, ജോർജ് കുന്നപ്പുഴ, സുനിൽ കുമാർ പുല്ലാട്, സി.കെ. ശശി, ജി. രഘുനാഥ്, കെ. ശിവപ്രസാദ്, വി.ആർ. മണിക്കുട്ടൻ നായർ, ജോൺസൺ ആഴക്കാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# കൊങ്ങിണിപ്പടവ് തൂങ്കുഴിപ്പടി ട്രാൻസ്ഫോർമർപ്പടി റോഡ് സഞ്ചാരയോഗ്യമാക്കണം

വാഴവര: കൊങ്ങിണിപ്പടവ് തൂങ്കുഴിപ്പടി ട്രാൻസ്ഫോർമർപ്പടി റോഡ് സഞ്ചാര യോഗ്യമാക്കണമെന്ന ആവശ്യം ശക്തമായി. ഇതു സംബന്ധിച്ച് നാട്ടുകാർ കട്ടപ്പന നഗരസഭാ അധികൃതർക്ക് നിവേദനം നൽകി. മുൻസിപ്പാലിറ്റിയുടെ മൂന്ന്, നാല് വാർഡുകളിലൂടെ കടന്നു പോകുന്ന റോഡ് കാൽനട യാത്ര പോലും സാധിക്കാത്ത അവസ്ഥയിലാണ്.

റോഡിൽ ഒന്നര കിലോമീറ്ററോളം ഭാഗം ടാർ ചെയ്തതാണ്.

ബാക്കി മൺപാതയുമാണ്. ടാർ ചെയ്തഭാഗം തകർന്നുക്കിടക്കുകയാണ്. അറുപതോളം വിദ്യർഥികളുടെ എക യാത്രാ മാർഗവുമാണിത്.ഇരുചക്ര വാഹന യാത്രക്കാർ അപകടത്തിൽപ്പെടുന്നത് നിത്യസംഭവമാണ്. റോഡിൻറെ ശോച്യാവസ്ഥ മൂലം അടുത്ത അധ്യാന വർഷം സ്കൂൾ ബസുകൾ എത്തില്ലെന്നും അറിയിച്ചിരിക്കുകയാണ്. സെൻറ് ജോസഫ് പള്ളിയിലേക്കും ഹെൽത്തു സെൻററിലേക്കും പോകേണ്ടവരും ഈ റോഡാണ് ആശ്രയിക്കുന്നത്.

# ജനറൽ ആശുപത്രി ഇടവഴി തകർന്നത് യാത്രയ്ക്ക് ബുദ്ധിമുട്ടായി

അടൂർ: തിരക്ക് ഏറെയുള്ള ഇടറോഡുകൾ തകർന്നതോടെ അടൂർ നഗരത്തിൽ യാത്രക്കാർ ബുദ്ധിമുട്ടിലായി. ജനറൽ ആശുപത്രി ജംഗ്ഷനിൽനിന്നും പാർഥസാരഥി ജംഗ്ഷൻമൂന്നാളം റോഡിൽ അവസാനിക്കുന്ന ഇടറോഡാണ് തകർന്നു കിടക്കുന്നത്.

ആശുപത്രിയുടെ പടിഞ്ഞാറ് ഭാഗത്ത് കൂടി പോകുന്ന റോഡിൻറെ തുടക്ക ഭാഗത്ത് കുഴികൾ രൂപപ്പെട്ടിട്ട് നാളേറെയായെങ്കിലും അറ്റകുറ്റപ്പണി നടത്താൻ നടപടിയില്ല. മഴ പെയ്തതോടെ വെള്ളക്കെട്ടും രൂപപ്പെട്ടു. ഇതുവഴി വേഗത്തിൽ വാഹനങ്ങൾ പോകുമ്പോൾ സമീപത്തെ കടകളിലേക്ക് വെള്ളം തെറിക്കുന്നത് വ്യാപാരികളെയും ബുദ്ധിമുട്ടിലാക്കി.

മരുന്ന് കടകൾ, സ്കാനിംഗ് സെൻററുകൾ, ലാബുകൾ, ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് ചെയ്യുന്ന മുറികൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നത് ഈ റോഡരികിലാണ്. റോഡിലെ തിരക്ക് വർധിക്കാനും ഇതു കാരണമാണ്.

ജനറൽ ആശുപത്രിയിൽനിന്ന് റഫർ ചെയ്യുന്ന വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ ആംബുലൻസിൽ ഇതുവഴിയാണ് കൊണ്ടുപോകേണ്ടത്. റോഡിലെ കുഴി ആംബുലൻസിൻറെ സുഗമമായ യാത്രയ്ക്കും തടസമാകുന്നു. ഈ റോഡിലൂടെ യാത്ര ചെയ്തെങ്കിലേ പ്രധാന റോഡിലെത്തി തുടർയാത്ര നടത്താനാകൂ. റോഡിൽ കുഴിയിൽ വീണ് ബൈക്ക് യാത്രക്കാർക്ക് പരിക്കേല്ക്കുന്നുണ്ട്.വെള്ളക്കെട്ട് മൂലം കാൽനടയാത്രക്കാരും ബുദ്ധിമുട്ടുകയാണ്. റോഡിലെ കുഴികൾ നികത്താൻ അധികൃതർ ഉടൻ നടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാരുടെയും വ്യാപാരികളുടെയും ആവശ്യം.

# ഇന്ത്യാമുന്നണിക്ക് അനുകൂലമായ പൊതുവികാരം രൂപപ്പെട്ടു: കൊടിക്കുന്നിൽ

പത്തനാപുരം: മാവേലിക്കര ലോക്സഭാ മണ്ഡലം യുഡിഎഫ് സ്ഥാനാർഥി കൊടിക്കുന്നിൽ സുരേഷ് പത്തനാപുരം മണ്ഡലത്തിൽ പര്യടനം നടത്തി. പട്ടാഴി വടക്കേക്കര പഞ്ചായത്തിലെ കരിമ്പാലൂർ ജംഗ്ഷനിൽനിന്ന് പര്യടന പരിപാടി ആരംഭിച്ചു. കെപിസിസി അംഗം സി.ആർ. നജീബ് ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻ ഇന്ത്യ മുന്നണിക്ക് മാത്രമേ കഴിയൂ എന്ന പൊതുവികാരം രൂപപ്പെട്ടു കഴിഞ്ഞു. ഇന്ത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ ഏറ്റവും മുതിർന്ന പാർലമെൻറ് അംഗം എന്ന നിലയിൽ തനിക്ക് അർഹമായ അവസരം ലഭിക്കുമെന്നും അത് പത്തനാപുരം ഉൾപ്പെടെയുള്ള മാവേലിക്കര നിയോജക മണ്ഡലത്തിൻറെ സമഗ്ര വികസനത്തിനായി പ്രയോജനപ്പെടുത്തുമെന്ന് കൊടിക്കുന്നിൽ സുരേഷ് പറഞ്ഞു.

കശുവണ്ടി തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകുമെന്നും അദ്ദേഹം പറഞ്ഞു. പട്ടാഴി വടക്കേക്കര, പട്ടാഴി, തലവൂർ എന്നീ പഞ്ചായത്തുകളിലെ അറുപതോളം കേന്ദ്രങ്ങളിൽ സ്ഥാനാർഥിക്ക് സ്വീകരണം നൽകി.

# നിയന്ത്രണം വിട്ട വാഹനം വീടിനു മുകളിലേക്ക് മറിഞ്ഞു

വണ്ടിപ്പെരിയാർ: 58ാം മൈലിനു സമീപം ഇന്നലെ രാത്രി എറണാകുളത്തുനിന്നും കുമളിയിലേക്ക് വരികയായിരുന്ന കാർ നിയന്ത്രണം വിട്ട 25 താഴ്ചയിൽ ഉള്ള വീട്ടിലേക്ക് തലകീഴായി മറിഞ്ഞു. ഈ സമയം വീടിനുള്ളിൽ ശിവാനന്ദൻ, ഭാരതി എന്നീ ദമ്പതികളാണ് ഉണ്ടായിരുന്നത്. ഇവർ ഉറങ്ങിക്കിടന്ന സമയത്താണ് അപകടം. തലനാരിഴയ്ക്ക് ജീവൻ രക്ഷപ്പെട്ടു.

എന്നാൽ ഇഷ്ടികയും മറ്റും മറഞ്ഞ ഇവരുടെ ദേഹത്തേക്ക് വീണതിലൂടെ പരിക്കേറ്റിട്ടുമുണ്ട്. ഒച്ചകേട്ട് എത്തിയ അയൽവാസിയാണ് ഇവരെ ആശുപത്രിയിൽ എത്തിച്ചത്. തുടർന്ന് വണ്ടിപ്പെരിയാർ പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു.

അപകടത്തിൽ റോഡ് സൈഡിൽ നിർത്തിയിട്ടിരുന്ന സ്കൂട്ടിയും ഇടിച്ചു തെറിപ്പിച്ചാണ് കുഴിയിലേക്ക് കാർ വീണത്. അപകടത്തിൽപ്പെട്ട വാഹനത്തിൽ എറണാകുളം സ്വദേശി റാം എന്നയാൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇയാൾക്കും പരിക്കുണ്ട്. കുമളിയിലെ സ്വകാര്യ റിസോർട്ടിലേക്ക് ജോലിക്ക് ചേരാൻ പോകുന്നിടയിലാണ് അപകടം സംഭവിച്ചത്.

വീട്ടിലുണ്ടായിരുന്ന ദമ്പതികൾ പീരുമേട് താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്. ഇതിനിടയിൽ വാഹനം വീടിന് മുകളിലേക്ക് വീണത് മൂലം വീട്ടുപകരണങ്ങളും വീടിനും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് ഏകദേശം മൂന്നു ലക്ഷം രൂപയോളം നഷ്ടം സംഭവിച്ചതായാണ് വീട്ടുകാർ പറയുന്നത്. ദേശീയപാതയോരത്ത് വലിയ മതിലുകൾ ഉള്ള സ്ഥലത്ത് ബാരിക്കേടുകൾ ഇല്ലാത്തത് അപകടത്തിന് കൂടുതൽ കാരണമാകുന്നതായി നാട്ടുകാർ പറഞ്ഞു.

# ഈദ്ഗാഹുകളിലും മീനഭരണി ഉത്സവങ്ങളിലും പങ്കെടുത്ത് കെ.സി

ആലപ്പുഴ: ചെറിയ പെരുന്നാൾ ആഘോഷനിറവിൽ വിവിധ ഈദ്ഗാഹുകളിൽ പങ്കെടുത്തുകൊണ്ടായിരുന്നു യുഡിഎഫ് സ്ഥാനാർഥി കെ.സി. വേണുഗോപാലിൻറെ തെരഞ്ഞെടുപ്പ് പ്രചാരണം ആരംഭിച്ചത്. കേരള നദ്വത്തുൽ മുജാഹിദ് പള്ളി സംഘടിപ്പിച്ച ഈദ്നമസ്കാരത്തിൽ പങ്കെടുത്തുകൊണ്ടായിരുന്നു തുടക്കം. പള്ളി ഇമാം അഷ്റഫ് കോയ സുല്ലമി നേതൃത്വം നൽകിയ നമസ്കാര ചടങ്ങിൽ കെസിയും ഭാഗമായി.

തുടർന്ന് ആലപ്പുഴ കടപ്പുറത്ത് മർക്കസ് മസ്ജിദിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രത്യേക പ്രാർഥനയിലും അദ്ദേഹം പങ്കെടുത്തു. പിന്നീട് പടിഞ്ഞാറെ ഷാഫി മുസ്‌ലിം ജമാഅത്ത് പള്ളിയിലെത്തി വിശ്വാസികളെ കണ്ട് പെരുന്നാൾ ആശംസകൾ പരസ്പരം കൈമാറി. മക്കാം മസ്ജിദിലും സന്ദർശനം നടത്തി. ഹാഷിമിയ യൂണിവേഴ്സിറ്റി ജനറൽ സെക്രട്ടറിയും സമസ്ത ആലപ്പുഴ ജില്ലാ ജനറൽ സെക്രട്ടറിയുമായ പി.കെ. ബാദ്ഷ സഖാഫിയുമായി കെസി കൂടിക്കാഴ്ച നടത്തി.

മീനഭരണി ഉത്സവാഘോഷങ്ങളുടെ ഭാഗമായി പാറയിൽ ചെമ്പകശേരി ഭദ്രകാളി ദേവീക്ഷേത്രം, ചേർത്തല കണ്ടമംഗലം രാജരാജേശ്വരീ മഹാദേവീ ക്ഷേത്രം, പഴയവീട് ഭഗവതീ ക്ഷേത്രം എന്നീ ക്ഷേത്രങ്ങളും കെസി സന്ദർശിച്ചു. തുലാഭാരവും പറനെല്ല് കാണിക്കയായി ഭഗവതിക്ക് സമർപ്പിച്ചുകൊണ്ടുള്ള പ്രത്യേക വഴിപാടുകളും അദ്ദേഹം നടത്തി. കണ്ടമംഗലം ഹയർ സെക്കൻഡറി സ്കൂളിലും സന്ദർശനം നടത്തി കെസി വോട്ടഭ്യർഥിച്ചു.

# ടാറിംഗിൽ വിള്ളൽ; ഇരുചക്ര വാഹനങ്ങൾക്ക് ഭീഷണി

വാഴക്കുളം: സംസ്ഥാന പാതയിലെ ടാറിംഗിൽ വീണ്ടും വിള്ളൽ പ്രത്യക്ഷപ്പെടുന്നു. വേങ്ങച്ചുവട്, വാഴക്കുളം, ആവോലി പ്രദേശങ്ങളിൽ പല ഭാഗങ്ങളിലാണ് നിലവിൽ ടാറിംഗിൽ വിള്ളൽ കണ്ടത്. ദിനംപ്രതി ടാറിംഗ് അകന്നു മാറി വിള്ളൽ വലുതാകുന്നുമുണ്ട്. ചൂടുകൂടുന്ന സാഹചര്യത്തിൽ വളരെ വേഗത്തിലാണ് വിള്ളലുകൾ വലുതാകുന്നത്. പലയിടങ്ങളിലും ടാറിംഗ് അകന്നു മാറി കുഴികൾ ഉണ്ടായിട്ടുണ്ട്.

ഇരുചക്ര വാഹനങ്ങളുടെ സഞ്ചാരപാതയിലാണ് വിള്ളൽ കാണുന്നത്. ഇത് സ്കൂട്ടർ യാത്രികർക്ക് കടുത്ത അപകട ഭീഷണി ഉയർത്തുകയാണ്. ബിഎംബിസി നിലവാരത്തിൽ സമനിരപ്പിലുള്ള റോഡിൽ പലയിടങ്ങളിലുള്ള ഇത്തരം വിള്ളലുകൾ അകലെനിന്നു വരുന്ന ഇരുചക്ര വാഹനങ്ങൾക്ക് എളുപ്പത്തിൽ ദൃശ്യമാവില്ലെന്നതും അപകട സാധ്യത വർധിപ്പിക്കുകയാണ്.

വാഴക്കുളം ടൗണിൽ പടിഞ്ഞാറേ ഭാഗത്ത് സെൻറ് ജോർജ് കപ്പേളയ്ക്കു സമീപം ഇത്തരത്തിൽ വിള്ളൽ പ്രത്യക്ഷപ്പെട്ടിരുന്ന ഭാഗം ടാറിംഗ് നീക്കം ചെയ്ത് വീണ്ടും ടാർ ചെയ്താണ് സഞ്ചാരയോഗ്യമാക്കിയത്. ബിഎംബിസി നിലവാരത്തിലുള്ള സംസ്ഥാന പാതയിലെ വിള്ളൽ നീക്കം ചെയ്ത് സഞ്ചാരയോഗ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്.

# ഇസ്രയേൽ 40,000 ടെന്റുകൾ വാങ്ങുന്നു

ജറൂസലം: ആക്രമണത്തിന് മുന്നോടിയായി തെക്കൻ ഗാസ നഗരമായ റഫയിൽനിന്ന് ലക്ഷക്കണക്കിന് പലസ്തീനികളെ ഒഴിപ്പിക്കാൻ ഒരുങ്ങി. ഇതിനായി 40,000 ടെന്റുകൾ വാങ്ങിയതായി ഇസ്രയേൽ സ്ഥിരീകരിച്ചു.

ആക്രമണത്തിന് മുന്നോടിയായി സാധാരണക്കാരെ ഒഴിപ്പിക്കാൻ പദ്ധതിയുണ്ടെന്ന് ഇസ്രായേൽ പറഞ്ഞു. തിങ്കളാഴ്ച ടെന്റ് വിതരണക്കാരെ തേടി ഇസ്രായേലിന്റെ പ്രതിരോധ മന്ത്രാലയം ടെൻഡർ പ്രസിദ്ധീകരിച്ചിരുന്നു. റഫ ഹമാസിന്റെ അവസാന ശക്തികേന്ദ്രമാണെന്നും നഗരത്തിലേക്ക് കരസേനയെ അയക്കുമെന്നുമാണ് ഇസ്രയേൽ പറയുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



# സംഘർഷം രൂക്ഷം: ഇറാനിലേക്കും ഇസ്രയേലിലേക്കും പോകരുത്; മുന്നറിയിപ്പുമായി ഇന്ത്യ

ന്യൂഡൽഹി: ഇറാനിലേക്കും ഇസ്രയേലിലേക്കും യാത്ര ചെയ്യരുതെന്ന് ഇന്ത്യൻ പൗരന്മാർക്ക് മുന്നറിയിപ്പു നൽകി കേന്ദ്ര സർക്കാർ. ഇരുരാജ്യങ്ങളും തമ്മിൽ സംഘർഷാവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിലാണ് വിദേശകാര്യ മന്ത്രാലയം വെള്ളിയാഴ്ച യാത്രാ നിർദേശം പുറപ്പെടുവിച്ചിരിക്കുന്നത്.

'സാധനങ്ങൾ വില കുറച്ചു നൽകുന്നു': ടിന്റി20യുടെ കിഴക്കമ്പലത്തെ ഭക്ഷ്യസുരക്ഷാ മാർക്കറ്റ് അടപ്പിച്ചു

"മേഖലയിൽ സംഘർഷാവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കും ഇസ്രയേലിലേക്കും യാത്ര ചെയ്യരുത്. നിലവിൽ ഇരുരാജ്യങ്ങളിലും കഴിയുന്നവർ ഇന്ത്യൻ എംബസികളുമായി ബന്ധപ്പെട്ടു റജിസ്റ്റർ ചെയ്യണം. കൂടുതൽ യാത്ര ചെയ്യാതെ സുരക്ഷിതരായിരിക്കാൻ ശ്രമിക്കണം" മന്ത്രാലയത്തിന്റെ പ്രസ്താവനയിൽ പറയുന്നു.

ഇറാനിൽനിന്നുള്ള ആക്രമണം പ്രതീക്ഷിച്ച് ഇസ്രയേൽ സുരക്ഷ ശക്തമാക്കി. സിറിയയിലെ ഇറാൻ എംബസിക്കു നേരെ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ മുതിർന്ന ഇറാനിയൻ സൈനിക ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടതോടെയാണ് സംഘർഷം രൂക്ഷമായത്. ഇസ്രയേലിനും സഖ്യരാജ്യങ്ങളുടെ സൈനിക സംവിധാനങ്ങൾക്കും നേരെ ഇറാന്റെ തിരിച്ചടി ഉണ്ടാകുമെന്ന് യുഎസ് രഹസ്യാന്വേഷണ ഏജൻസികൾ മുന്നറിയിപ്പു നൽകിയിരുന്നു.

# പട്ടം എസ് യു ടി ആശുപത്രിയിൽ നഴ്സുമാർക്കായി 'തുടർ വിദ്യാഭ്യാസ പരിപാടി' സംഘടിപ്പിച്ചു

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയുടെ നേഴ്സിംഗ് വിഭാഗവും ന്യൂറോളജി വിഭാഗവും 'ദ ട്രെയ്ണ്ട് നഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യ (ടി എൻ എ ഐ)' കേരള ബ്രാഞ്ചുമായി ചേർന്ന് നഴ്സുമാർക്കായി തുടർ വിദ്യാഭ്യാസ പരിപാടി സംഘടിപ്പിച്ചു. ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി പരിപാടി ഉദ്ഘാടനം ചെയ്തു. നഴ്സിംഗ് കൗൺസിൽ രജിസ്ട്രാർ ഡോ. സോന പി എസ്, ടി എൻ എ ഐ കേരള ബ്രാഞ്ച് സെക്രട്ടറി ബിജു എസ് വി എന്നിവർ മുഖ്യപ്രഭാഷണം നടത്തി. സ്ട്രോക്ക് ബാധിച്ച രോഗികളുടെ പരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന നഴ്സുമാരുടെ അറിവും നൈപുണ്യവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് ഇത്തരം ഒരു പരിപാടി സംഘടിപ്പിച്ചത്.

സ്ട്രോക്ക് പരിപാലനത്തിൽ അടിയന്തര ഘട്ടങ്ങളിൽ നേരിടാൻ സാധ്യതയുള്ള സങ്കീർണ്ണതകളിലെ എമർജൻസി നഴ്സിംഗ് മാനേജ്മെന്റിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. പരിപാടിയുടെ ഭാഗമായി ഡോ. തോമസ് ഐപ്പ് (സീനിയർ കൺസൾട്ടന്റ് ആന്റ് എച്ച് ഒ ഡി ന്യൂറോളജി) സ്ട്രോക്കിനെ പറ്റി ഒരു അവലോകനം നടത്തുകയും മറ്റു വിദഗ്ദ്ധ ഡോക്ടർമാർ വിവിധ വിഷയങ്ങളെപ്പറ്റി ചർച്ച നടത്തുകയും തുടർന്നുള്ള സംശയങ്ങൾക്ക് കൃത്യമായ അഭിപ്രായങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഡോ. തോമസ് ഐപ്പ് അധ്യക്ഷത വഹിച്ച ചടങ്ങിൽ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, ഡോ. ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), പ്രൊഫ. നിർമ്മല എൽ (പ്രിൻസിപ്പൽ, എസ് യു ടി സ്കൂൾ ഓഫ് നഴ്സിംഗ്), രാധാകൃഷ്ണൻ നായർ (ചീഫ് ലെയ്സൺ ഓഫീസർ) എന്നിവർ ആശംസകൾ അർപ്പിച്ചു. ആശുപത്രിയിലെ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന പരിപാടിയിൽ എസ് യു ടി നഴ്സിംഗ് സൂപ്രണ്ട് റെയ്ച്ചലമ്മ ജേക്കബ്, നഴ്സിംഗ് സൂപ്പർവൈസമാർ, മറ്റു ഡിപ്പാർട്ട്മെന്റ് മാനേജർമാർ, മറ്റു ആശുപത്രിയിലെ നഴ്സുമാർ ഉൾപ്പെടെ ഇരുന്നൂറോളം പേർ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാ നഴ്സുമാർക്കും പങ്കാളിത്ത സർട്ടിഫിക്കറ്റും നൽകി.

# വ്യാജസന്ദേശങ്ങൾ വഴി തട്ടിപ്പ്: സൂക്ഷിക്കണമെന്ന് പൊലീസ്; എറണാകുളം സ്വദേശിക്ക് നഷ്ടം ഒന്നരക്കോടി

തിരുവനന്തപുരം : കേസ് റജിസ്റ്റർ ചെയ്തെന്നു പറഞ്ഞ് നിയമപാലകരെന്ന വ്യാജേന ബന്ധപ്പെട്ട് പണംതട്ടുന്ന രീതി വ്യാപകമെന്ന് പൊലീസ്. ഒരാളുടെ പേരിൽ അയച്ച കൊറിയറിലോ പാഴ്സലിലോ വ്യാജരേഖകളുണ്ടെന്നു പറഞ്ഞ് ബന്ധപ്പെടുകയും ഇവരിൽ നിന്ന് പണം തട്ടിയെടുക്കുകയുമാണ് തട്ടിപ്പുസംഘത്തിന്റെ രീതി. വെബ്സൈറ്റിൽ അശ്ലീല ദൃശ്യങ്ങൾ തിരയാറുണ്ട്, മറ്റൊരു കേസുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ തട്ടിപ്പിനിരയാക്കപ്പെടുന്നയാളുടെ തിരിച്ചറിയൽ രേഖകൾ കണ്ടെത്തിയെന്നും പറയും. ഇമെയിൽ വഴിയോ ഫോണിലോ ഇത്തരം സന്ദേശങ്ങൾ ലഭിക്കാൻ സാധ്യതയുണ്ടെന്നും ജാഗ്രത വേണമെന്നും പൊലീസ് മുന്നറിയിപ്പ് നൽകി.


നർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സിബിഐ, എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്, സൈബർ സെൽ, ഇൻഡലിജൻസ് ഏജൻസികൾ എന്നിങ്ങനെയുള്ള പേരുകളിലാണ് ഇത്തരക്കാർ സ്ഥിരമായി തട്ടിപ്പുകൾ നടത്താറുള്ളതെന്നും പൊലീസ് വ്യക്തമാക്കി. കേസ് റജിസ്റ്റർ ചെയ്തതായി അറിയിക്കുന്ന തട്ടിപ്പുകാർ വിശ്വസിപ്പിക്കാനായി അന്വേഷണ ഏജൻസിയുടെ പേരിലുള്ള വ്യാജ തിരിച്ചറിയൽ കാർഡും കേസ് റജിസ്റ്റർ ചെയ്തെന്ന വ്യാജരേഖകളും അയക്കും. അവർ നൽകിയ തിരിച്ചറിയൽ കാർഡിലെ വിവരങ്ങൾ വെബ്സൈറ്റിൽ തിരഞ്ഞാൽ വ്യാജരേഖയിൽ പറയുന്ന പേരിൽ ഒരു ഓഫീസർ ഉണ്ടെന്ന് ബോധ്യമാകുന്നതോടെ തട്ടിപ്പിനിരയാകുന്നവർ പരിഭ്രാന്തരാകും.

ഫോണിൽ വീണ്ടും വിളിച്ചു ഭീഷണിപ്പെടുത്തുന്ന തട്ടിപ്പുകാർ സ്കൈപ്പ് വഴിയും മറ്റും ഉള്ള വിഡിയോ കോളിൽ പങ്കെടുക്കാൻ നിർബന്ധിക്കും. മുതിർന്ന പൊലീസ് ഓഫീസറുടെ യൂണിഫോം ധരിച്ചായിരിക്കും അവർ വിഡിയോ കോളിൽ പ്രത്യക്ഷപ്പെടുക. തട്ടിപ്പിനിരയാകുന്ന വ്യക്തി ചെയ്തത് ഗുരുതരമായ തെറ്റാണെന്നും അവർ പൂർണമായും തങ്ങളുടെ നിയന്ത്രണത്തിലാണെന്നും വിർചൽ അറസ്റ്റ് ചെയ്തിരിക്കുകയാണെന്നും തട്ടിപ്പുകാർ പറയും. തങ്ങളുടെ അനുവാദമില്ലാതെ എങ്ങോട്ടും പോകാൻ പാടില്ലെന്നും തട്ടിപ്പുസംഘം അറിയിക്കും.

വിഡിയോ കോളിനിടെ അവർ സ്വകാര്യവിവരങ്ങളും സാമ്പത്തിക സ്ഥിതിയുമൊക്കെ ചോദിച്ചു മനസ്സിലാക്കും. സമ്പാദ്യം പരിശോധനയ്ക്കായി നൽകണമെന്നും നിയമപരമായി സമ്പാദിച്ചതാണോയെന്ന് പരിശോധിച്ചശേഷം തുക തിരിച്ചു നൽകുമെന്നും അറിയിക്കുകയാണ് അടുത്ത ഘട്ടം. പണം തിരികെ ലഭിക്കുമെന്ന വിശ്വാസത്തിൽ, അവർ നൽകുന്ന ബാങ്ക് അക്കൗണ്ടിലേക്ക് തട്ടിപ്പിനിരയാകുന്ന വ്യക്തി പണം ഓൺലൈനായി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ഇത്തരം തട്ടിപ്പിലൂടെ ലക്ഷക്കണക്കിന് രൂപയാണ് പലർക്കും നഷ്ടമായത്. ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) യുടെ ഓഫിസിൽ നിന്നെന്ന വ്യാജേന ഇത്തരത്തിൽ ലഭിച്ച ഫോൺ സന്ദേശത്തോട് പ്രതികരിച്ച എറണാകുളം സ്വദേശിക്ക് 1.2 കോടി രൂപ നഷ്ടപ്പെട്ടു. മുംബൈ പൊലീസിൽ നിന്ന് എന്ന പേരിൽ വിളിച്ച് ഭീഷണിപ്പെടുത്തിയാണ് മറ്റൊരാളുടെ കയ്യിൽ നിന്ന് 30 ലക്ഷം രൂപ കവർന്നത്. പണം നഷ്ടപ്പെട്ടാൽ ആദ്യമണിക്കൂറിൽ തന്നെ അക്കാര്യം 1930 എന്ന നമ്പറിൽ അറിയിച്ചാൽ പണം തിരിച്ചുപിടിക്കാൻ സാധിക്കുമെന്നും പൊലീസ് അറിയിച്ചു.

# 'എന്തിനിത്ര തിരക്ക്?': തോമസ് ഐസക് തിരഞ്ഞെടുപ്പുസമയത്ത് ഹാജരാകേണ്ടെന്ന് കോടതി; ഇ.ഡിക്ക് തിരിച്ചടി



കൊച്ചി: കിഫ്ബി മസാല ബോണ്ട് കേസിൽ മുൻ ധനമന്ത്രി തോമസ് ഐസക്കിന് ആശ്വാസ ഉത്തരവുമായി ഹൈക്കോടതി ഡിവിഷൻ ബെഞ്ചും. തിരഞ്ഞെടുപ്പ് സമയത്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റി(ഇഡി)നു മുൻപിൽ പത്തനംതിട്ടയിലെ എൽഡിഎഫ് സ്ഥാനാർഥിയായ തോമസ് ഐസക്ക് ഹാജരാകേണ്ടതില്ലെന്ന് വ്യക്തമാക്കിയ കോടതി, തിരഞ്ഞെടുപ്പിനുശേഷം മറ്റുനടപടികളുമായി മുന്നോട്ടുകാമെന്നും ഇഡിയോട് വ്യക്തമാക്കി. 'തിരഞ്ഞെടുപ്പിന് പത്ത് ദിവസമല്ലേയുള്ളൂ, ഇത്രയും തിരക്ക് എന്തിനാണ്' എന്നും ഇ.ഡിയോട് കോടതി ചോദിച്ചു.

തിരഞ്ഞെടുപ്പിനുശേഷം ഐസക്ക് ഇഡിക്കു മുൻപിൽ ഹാജരായാൽ മതിയെന്ന് ഹൈക്കോടതി സിം?ഗിൽ ബെഞ്ച് നേരത്തെ ഉത്തരവിട്ടിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു സ്ഥാനാർഥിയോട് തിരഞ്ഞെടുപ്പ് അടുത്ത് നിൽക്കുന്ന ഘട്ടത്തിൽ ചോദ്യംചെയ്യലിന് ഹാജാരാകാൻ ആവശ്യപ്പെടുന്നത് അനുചിതമാണെന്നായിരുന്നു സിം?ഗിൾ ബെഞ്ച് വ്യക്തമാക്കിയിരുന്നത്. മസാല ബോണ്ട് കേസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ട് സമൻസ് അയച്ച ഇ.ഡി. നടപടിയെ ചോദ്യംചെയ്ത് തോമസ് ഐസക്കും കിഫ്ബി ഉദ്യോഗസ്ഥരും നൽകിയ ഹർജിയിലായിരുന്നു കോടതിയുടെ ഉത്തരവ്. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടാണ് ഇ.ഡി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകിയത്. തോമസ് ഐസക് ഉൾപ്പെടെയുള്ളവരെ ചോദ്യം ചെയ്യാതെ കേസ് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കില്ലെന്നാണ് ഇ.ഡി ഹർജിയിൽ ചൂണ്ടികാണിച്ചിരുന്നത്. ചോദ്യംചെയ്യൽ വൈകുന്നതുമൂലമാണ് കേസിൽ കാലതാമസമുണ്ടാകുന്നത്. വിഷയത്തിൽ ഡിവിഷൻ ബെഞ്ച് ഉചിതമായ തീരുമാനമെടുക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

## സിവിൽ സർവീസ് പരിശീലനം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കിലെ കഅട അക്കാദമി നടത്തുന്ന സിവിൽ സർവീസ് പ്രിലിമിനറി / മെയിൻസ് പരിശീലനത്തിലേക്ക് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ആശ്രിതരിൽ ബിരുദം ഉള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആശ്രിതത്വ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കേണ്ട അവസാന തീയതി 2024 ഏപ്രിൽ 20. ഒരു വർഷം ദൈർഘ്യമുള്ള പരിശീലനം ജൂൺ ആദ്യ വാരം ആരംഭിക്കും. ഫീസ് ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് : 0471 2448451.

# ക്യാപ്റ്റൻ എന്ന് വിളിപ്പിച്ച സമൂഹം കള്ളനെന്ന് വിളിക്കുന്ന സമയം വിദൂരമല്ല: മാത്യു കുഴൽനാടൻ

പേരാമ്പ്ര: സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന മാസപ്പടിയടക്കമുള്ള കോടികളുടെ അഴിമതി കഥകൾ ജനങ്ങൾ തിരിച്ചറിഞ്ഞെന്നും പിആർ വർക്കിൽ 'ക്യാപ്റ്റൻ' എന്ന് നിർബന്ധിച്ച് വിളിപ്പിച്ച സമൂഹം പിണറായി വിജയനെ കള്ളനെന്ന് വിളിക്കുന്ന സമയം വിദൂരമല്ലെന്നും മാത്യു കുഴൽനാടൻ എംഎൽഎ.

പേരാമ്പ്ര ഉണ്ണിക്കുന്ന് മേഖല യുഡിഎഫ് കുടുംബ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.ധീരമായ സമര പോരാട്ടങ്ങളിലൂടെ ഇന്ത്യ രാജ്യം പടുത്തുയർത്തിയ കോൺഗ്രസ് പാർട്ടി ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യാ മുന്നണിയുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ ഭരണം തിരിച്ചു പിടിക്കും.

അതിനായി വടകരയിൽ ഷാഫി പറമ്പിലിനു വലിയ ഭൂരിപക്ഷത്തോടെയുള്ള വിജയം നൽകണം. തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ യു.സി. ഹനീഫ അധ്യക്ഷനായിരുന്നു. മുസ്‌ലിം ലീഗ് ദേശീയ വൈസ് പ്രസിഡൻറ് അഡ്വ. ഷിബു മീരാൻ മുഖ്യ പ്രഭാഷണം നടത്തി.

ആർഎംപിഐ കേന്ദ്ര കമ്മിറ്റി അംഗം കെ.എസ്. ഹരിഹരനും, നാഷണൽ യുവജനതാദൾ സംസ്ഥാന പ്രസിഡൻറ് എ.പി. യൂസഫലി മടവൂരും മുഖ്യാതിഥികളായി കുടുംബ സംഗമത്തിൽ പങ്കു ചേർന്നു.

## മാസപ്പടികേസ്: സിഎംആർഎൽ എംഡി ശശിധരൻ കർത്തയ്ക്ക് ഇഡിനോട്ടീസ്

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയൻറെ മകൾ വീണാ വിജയൻ ഉൾപ്പെട്ട മാസപ്പടി കേസിൽ സിഎംആർഎൽ എംഡി ശശിധരൻ കർത്തക്ക് ഇഡി നോട്ടീസ് അയച്ചു. തിങ്കളാഴ്ച ഹാജരാകാൻ ആവശ്യപ്പെട്ടാണ് നോട്ടീസ് അയച്ചിരിക്കുന്നത്.

അതേസമയം കേസിൽ ഇന്ന് ചോദ്യം ചെയ്യലിന് നോട്ടീസ് നൽകിയിട്ടും സിഎംആർഎൽ ഫിനാൻസ് ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥൻ ഹാജരായില്ല. നോട്ടീസിന് ഇതുവരെ മറുപടി കിട്ടിയില്ലെന്നും ഇഡി അറിയിച്ചു.

ഒരു കോടി 75 ലക്ഷം രൂപയാണ് സോഫ്റ്റ്വെയർ സേവനത്തിനെന്ന പേരിൽ വീണയ്ക്ക് സിഎംആർഎൽ കമ്പനി നൽകിയത്. എന്നാൽ എക്സാലോജിക്ക് ഇത്തരം സേവനങ്ങൾ പകരം നൽകിയിട്ടില്ലെന്നും ആദായനികുതി വകുപ്പ് കണ്ടെത്തിയിരുന്നു.

# യാസ് മൗലവി വധക്കേസ്: വിധി പറഞ്ഞ ജഡ്ജിക്ക് സ്ഥലംമാറ്റം

കാസർഗോഡ്: പ്രമാദമായ റിയാസ് മൗലവി വധക്കേസിൽ വിധി പറഞ്ഞ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി കെ. കെ. ബാലകൃഷ്ണനെ ആലപ്പുഴ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിയായി സ്ഥലം മാറ്റി.

പകരം ജി. ഗോപകുമാറിനെ കാസർഗോഡ് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജിയായി നിയമിച്ചു. സെഷൻസ് ജഡ്ജ് കെ. കെ. ബാലകൃഷ്ണൻറെ സ്വന്തം അപേക്ഷ പ്രകാരമാണ് സ്ഥലംമാറ്റമെന്ന് ഹൈക്കോടതി രജിസ്ട്രാറുടെ ഉത്തരവിൽ പറയുന്നു. എറണാകുളം സ്വദേശിയാണ് ഇദ്ദേഹം.

മദ്രസയിലെ അധ്യാപകനായ റിയാസ് മൗലവിയെ പള്ളിയിൽ കയറിയാണ് വെട്ടിക്കൊലപ്പെടുത്തിയത്. മൂന്ന് ആർഎസ്എസ് പ്രവർത്തകരായിരുന്നു കേസിൽ പ്രതികൾ. ഇവരെയെല്ലാം കോടതി വെറുതെവിട്ടു.

തെരഞ്ഞെടുപ്പ് വേളയിൽ വന്ന വിധി വലിയ ചർച്ചയായിരുന്നു. പ്രതിപക്ഷം വിധി സർക്കാരിനെതിരേ ആയുധമാക്കി. എല്ലാ പ്രതികളെയും വെറുതെ വിട്ട വിചാരണക്കോടതി വിധിക്കെതിരേ സർക്കാർ അപ്പീൽ നൽകിയിരിക്കുകയാണ്.

പ്രതികളെ വെറുതെ വിട്ട വിചാരണക്കോടതിയുടെ വാദങ്ങൾ ദുർബലമാണെന്നും പ്രതികളെ ശിക്ഷിക്കാനാവശ്യമായ തെളിവുകളുണ്ടെന്നുമാണു ഹൈക്കോടതിയിൽ നൽകിയ അപ്പീലിൽ സർക്കാർ പറയുന്നത്. 2017 മാർച്ച് 20നാണ് കാസർഗോഡ് ചൂരി മദ്രസയിലെ അധ്യാപകനായ റിയാസ് മൗലവി കൊല്ലപ്പെടുന്നത്. ചൂരിയിലെ പള്ളിയിൽ അതിക്രമിച്ച കയറി വെട്ടിക്കൊല്ലുകയായിരുന്നു.

ആർഎസ്എസ് പ്രവർത്തകരായ കേളുഗുഡയിലെ അജേഷ്, അഖിലേഷ്, നിധിൻ കുമാർ എന്നിവരാണ് പ്രതികളായി കുറ്റപത്രത്തിലുണ്ടായിരുന്നത്. എന്നാൽ കേസിൽ കാസർഗോഡ് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി കെ. കെ ബാലകൃഷ്ണൻ പ്രതികളെ വെറുതെ വിടുന്നുവെന്ന് ഒറ്റവരിയിൽ വിധി പറഞ്ഞു.

# വിഷുക്കൈനീട്ടം റെയ്ഡിൽ പിടിച്ചെടുത്തത് 51,500 രൂപ

പാലക്കാട് : ജില്ലയിൽ കേരള ബിവറേജസ് കോർപറേഷൻറെയും കൺസ്യൂമർ ഫെഡിൻറെയും മദ്യവില്പനശാലകളിൽ വിജിലൻസിൻറെ 'വിഷുക്കൈനീട്ടം' മിന്നൽ പരിശോധനയിൽ പിടിച്ചെടുത്തത് 51,500 രൂപ.

സ്വകാര്യ മദ്യ ഡിസ്റ്റിലറിക്കാർ ബിവറേജസ് കോർപറേഷൻറെയും കൺസ്യൂമർ ഫെഡിൻറെയും ജീവനക്കാർക്ക് പണം നൽകുന്നുണ്ടെന്നു കണ്ടെത്തി.

മദ്യത്തിൻറെ അളവിൻറെ അടിസ്ഥാനത്തിൽ കമ്മീഷൻ നൽകുന്നുണ്ടെന്നും അന്വേഷണസംഘം പറഞ്ഞു.

ഓരോ ഔട്ട് ലെറ്റിനും 8,000 രൂപ മുതൽ 15,000 രൂപവരെ ഓരോ മാസവും നൽകാറുണ്ട്. എറണാകുളം കേന്ദ്രീകരിച്ചുള്ള സ്വകാര്യ മദ്യക്കന്പനിയുടെ രണ്ട് ജീവനക്കാരാണ് കാറിൽ വന്ന് ജില്ലയിലെ എല്ലാ ഔട്ട് ലെറ്റുകളിലും ഇത്തരം തുകകൾ വിതരണം നടത്തുന്നത്. കൈക്കൂലി വാങ്ങി സ്വകാര്യ കന്പനിയുടെ മദ്യം വില്പനനടത്താൻ ജീവനക്കാർ താത്പര്യം കാണിക്കുന്നുണ്ടെന്ന് അന്വേഷണസംഘം പറഞ്ഞു.

പരിശോധനയോടനുബന്ധിച്ച് പാലക്കാട് വിജിലൻസ് ഡിവൈഎസ്പിയും സംഘവും ഒറ്റപ്പാലം കൺസ്യൂമർഫെഡ് പരിസരം നിരീക്ഷിച്ചു.ഇതിനിടെ സ്വകാര്യ മദ്യക്കന്പനിയുടെ ജീവനക്കാർ ഔട്ട് ലെറ്റിൽ പ്രവേശിച്ച് ഷോപ്പ് മാനേജരുമായി സംസാരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. കന്പനിയുടെ മദ്യം ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുകയും ഔട്ട് ലെറ്റിലെ ജീവനക്കാരനുമായി അകത്ത് മാറിനിന്ന് സംസാരിക്കുകയും പൈസ കൈമാറുകയുമായിരുന്നു.ആ തുക ഒരു ബുക്കിനുള്ളിൽ ഒളിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിൽ വിജിലൻസ് ഉദ്യോഗസ്ഥരെത്തി കൈയോടെ പിടികൂടി. 6750 രൂപയും വില്പന നടത്തിയ കെയ്സിൻറെ തുക എഴുതിയ ചീട്ടും മറ്റ് ഔട്ട് ലെറ്റുകളിൽ കൊടുത്ത തുകയാണെന്ന് ഡിസ്റ്റിലറി കന്പനിയുടെ ഏരിയ മാനേജരും സഹായിയും സമ്മതിച്ചതായി അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു. വിജിലൻസ് ഡിവൈഎസ്പി സി.എം. ദേവദാസൻ, ഗസറ്റഡ് ഉദ്യോഗസ്ഥനായ പൊതുമരാമത്ത് നിരത്ത് വിഭാഗം ഡെപ്യൂട്ടി എക്സി. എൻജിനിയർ കെ.എ. ബാബു, ഇൻസ്പെക്ടർ കെ.എൽ. സിജു നായർ, സബ് ഇൻസ്പെക്ടർമാരായ ബി. സുരേന്ദ്രൻ, പി. സുദേവൻ, ടി.ആർ. ശശി, എസ് സിപിഒമാരായ കെ. ഉവൈസ്, ആർ.രാജേഷ്, സിപിഒ വി. സന്തോഷ്, എസ് സിപിഒ ഷാനവാസ്, സിപിഒ സി.കെ. ഷംസുദ്ദീൻ എന്നിവർ പരിശോധനയിൽ പങ്കെടുത്തു.